ജൂൺ 2021

Price ₹ 25

# ജീവനും വെളിച്ചവും



## കടലേറുന്ന മനുഷ്യനും, കരയെടുക്കുന്ന കടലും...

## തീരത്തിന്റെ ദുരന്തം !



തിരുവനന്തപുരം ലത്തീൻ അതിരൂപത
മാര്യേജ് ബ്യൂറോ
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...
RC MATRIMONIAL
UNDERTAKING OF KRLCC
FOR REGISTRATION
www.rcmatrimonial.org
Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob: 93872 96213
matrimonialrc@gmail.com (E)

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ജൂൺ
പുസ്തകം - 45 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


# പുതിയ അധ്യയന വർഷം പുത്തൻ പ്രതീക്ഷകളുണർത്തട്ടെ!

പുത്തനുടുപ്പിട്ടും, ബാഗുകൾ തൂക്കിയും, പലതരം തൊപ്പികൾ വച്ചും, ബഹു വർണക്കുടകൾ ചൂടിയും അപ്പനമ്മമാരുടെയും അപ്പൂപ്പനമ്മൂമ്മമാരുടെയും കൈകൾ പിടിച്ചും സൊറ പറഞ്ഞും കുട്ടികൾ ഓടിച്ചാടി സ്കൂളുകളിലേക്ക് പോകുന്ന കാലത്തിന്റെ ഓർമകൾ ഒരിക്കൽക്കൂടി കടന്നുവരുന്നു!

കുട്ടിമനസ്സുകളെ തൊട്ടുണർത്തുന്ന, മധുരസ്മരണകളുടെ ചെപ്പ് തുറക്കുന്ന കാലം. എന്നാൽ കൊറോണാക്കാലം ഒരിക്കൽക്കൂടി സാങ്കേതികവിദ്യകൾക്ക് വഴിമാറുമ്പോൾ സൃഷ്ടിക്കുന്ന തനിച്ചനുഭവങ്ങൾ പുത്തൻ രീതിശാസ്ത്രത്തിലേക്ക് വഴിമാറുകയാണ്. അമിതമായ സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. മഹാമാരിയുടെ മധ്യേ മനുഷ്യൻ പകച്ചുനിൽക്കുമ്പോഴും നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), റോബോട്ടിക്സ്, നാനോ ടെക്നോളജി, നവമാധ്യമങ്ങൾ, വിവര സാങ്കേതികവിദ്യ എന്നിവയുടെ അതിപ്രസരം വലിയ വെല്ലുവിളി ഉയർത്തുന്നു. ഈ സന്ദർഭത്തിലാണ് നമ്മുടെ രാജ്യത്ത് വാട്സ്ആപ്പ്, ഫെയിസ് ബുക്ക് തുടങ്ങിയ സങ്കേതങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദത്തിന് തുടക്കം കുറിക്കുന്നത്. വ്യക്തികളുടെ അവകാശങ്ങൾക്ക് പുറമേ, സ്വകാര്യതയിലേക്ക് കടന്നുകയറയാനുള്ള ഈ ശ്രമം വലിയ ആശങ്കയുണർത്തുകയാണ്.


ഡോ. മൻമോഹൻ സിംഗ് 2004 ൽ ഇന്ത്യയുടെ പ്രധാനമന്ത്രി പദം ഏറ്റെടുക്കുമ്പോൾ രാഷ്ട്രത്തോടായി പറഞ്ഞത്, മനുഷ്യമുഖമുള്ള വികസനത്തിന് ഊന്നൽ നൽകുമെന്നാണ്. എന്നാൽ ഇന്ന് മനുഷ്യരെ യന്ത്രമനുഷ്യരെക്കൊണ്ട് (റോബോട്സ്) ഒഴിവാക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

മഹാമാരിയുടെ മദ്ധ്യേ സൃഷ്ടിക്കപ്പെടുന്ന അകലം പാലിക്കൽ ജീവിതത്തിന്റെ ആഴങ്ങൾ തേടുവാനും, കൂടെയുള്ള മാതാപിതാക്കളും, അപ്പൂപ്പനമ്മൂമ്മമാരുമായും അടുപ്പം സൃഷ്ടിക്കുവാനും, സ്വന്തം ആന്തരീകതയുടെ കരുത്ത് തിരിച്ചറിയാനുള്ള അവസരമാണ്. വീടുകൾ വിദ്യാലയങ്ങളും പ്രാർത്ഥനാലയങ്ങളുമാകണം. അപ്പനും അമ്മയും അപ്പൂപ്പനും അമ്മൂമ്മയും കുട്ടികളുടെ കൂട്ടുകാരും, ഗുരുക്കന്മാരുമായി മാറണം. അധികമായി ലഭിക്കുന്ന സമയം മണ്ണിനോടും, പ്രകൃതിയോടും കൂടുതലടുക്കാനുള്ള അവസരമാകണം. പതിനെട്ടുവയസ്സുകാരി ഗ്രേറ്റ തുംബെർഗിനെപ്പോലുള്ള പ്രകൃതി സ്നേഹികൾ മുന്നോട്ടുവന്ന് കാടും, കടലും ജലാശയങ്ങളും, ഭൂമിയും സംരക്ഷിക്കുന്ന പ്രകൃതിയുടെ കൂട്ടുകാരാകണം. വീട്ടുമുറ്റത്ത് പൂച്ചെടികൾ വച്ചും, ഫലവൃക്ഷങ്ങൾ വച്ചും മണ്ണിനെ ഫലഭൂയിഷ്ഠമാക്കാം.

ഓരോ വെല്ലുവിളിയും പുത്തൻ സാധ്യതകളുടെ കവാടങ്ങൾ തുറക്കുകയാണ്. മണ്ണിലേക്കും, മനുഷ്യരിലേക്കും ജലാശയങ്ങളിലേക്കും ആകാശവിഹായസ്സുകളിലേക്കും നോക്കി പുത്തൻ സ്വപ്നങ്ങൾ മെനയാം.

പുതിയ അധ്യയന വർഷം കുട്ടികളുടെയും, അധ്യാപകരുടെയും പൊതു സമൂഹത്തിന്റെയും പ്രതീക്ഷകൾക്ക് ചിറക് മുളയ്ക്കാൻ ഇടയാക്കട്ടെ! ഭാവുകങ്ങളും പ്രാർഥനകളും ആശംസകളും അറിവിന്റെ ലോകത്തേക്ക് ചുവടുവയ്ക്കുന്ന ഏവർക്കും നേരുന്നു.

- പത്രാധിപർ



# താളുകളിൽ






**5** **മത്സ്യത്തൊഴിലാളികളുടെ സുസ്ഥിര വികസനത്തിന് പുത്തൻ സമവാക്യങ്ങൾ**
ഫാ. യൂജിൻ എച്ച്. പെരേര

**11** **തിരുഹൃദയം: സ്നേഹം, സ്നേഹം മാത്രം**
ഫാ. ലോറൻസ് കുലാസ്

**13** **പുതുവിദ്യാലയവർഷം പുതുമകളുടെ പൂക്കാലം**
ഇഗ്നേഷ്യസ് തോമസ്

**15** **ആർത്തിക്ക് അറുതിയുണ്ടോ?**
എ. അനിൽകുമാർ അഞ്ചുതെങ്ങ്

**18** **പരിമിതികളെ അതിജീവിക്കാം**
ഡോ. എ.ആർ.ജോൺ

**19** **വാർത്തകൾ**

**20** **നീർച്ചാൽ**

**27** **വചനജ്വാല**

**29** **നേർക്കാഴ്ച**

കേരളത്തിന്റെയും ഇന്ത്യയുടെയും വ്യാവസായിക വളർച്ചയും പോഷകഗുണമുള്ള ഭക്ഷണവും, ഗണ്യമായ സമ്പത്തും നേടിത്തരുന്ന കേരളത്തിലെ മത്സ്യമേഖല ദേശീയ – സംസ്ഥാന സമ്പദ് വ്യവസ്ഥക്കു വലിയൊരു മുതൽക്കൂട്ടാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാരുകൾ കൈക്കൊണ്ട നിലപാടുകളുടെ ഫലമായി ഇന്നും വളരെയേറെ പിന്നിൽ നിൽക്കുകയാണ് മത്സ്യത്തൊഴിലാളി സമൂഹം. മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഇടതുപക്ഷ, വലതുപക്ഷ സർക്കാരുകൾ തങ്ങളുടെ പ്രകടന പത്രികകളിൽ വളരെയേറെ കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മത്സ്യത്തൊളിലാളി സമൂഹത്തിന്റെ സുസ്ഥിര വികസനത്തിനു വേണ്ട നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.



# മത്സ്യത്തൊഴിലാളികളുടെ സുസ്ഥിര വികസനത്തിന് പുത്തൻ സമവാക്യങ്ങൾ

**ഫാ. യൂജിൻ എച്ച്. പെരേര**

## 1) വിഭവ പരിപാലനം, ഉപജിവനസുരക്ഷ, പരിസ്ഥിതി സംരക്ഷണം

മത്സ്യത്തൊഴിലാളികൾ കടലിന്റെയും കടൽതീരത്തിന്റെയും ജന്മാവകാശികളാണ്. കടൽത്തീരത്തിന്മേലും, കടലിന്മേലും മത്സ്യതൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിന് വനാവകാശ നിയമത്തിന് സമാനമായ നിയമനിർമ്മാണം രാജ്യത്ത് നടപ്പിലാക്കേണ്ടതാണ്. മുരാരി കമ്മിറ്റി നിർദ്ദേശിക്കുന്നതും 2021 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും വലതുപക്ഷ ജനാധിപത്യ മുന്നണിയും തങ്ങളുടെ പ്രകടന പത്രികകളിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ കടലിന്മേലും, മത്സ്യബന്ധനത്തിനും, ആദ്യവില്പനക്കുമുള്ള അവകാശം മത്സ്യതൊഴിലാളികൾക്കായി നിജപ്പെടുത്തുന്ന നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്.

അമിതവും, അശാസ്ത്രീയവും, നശീകരണ സ്വഭാവമുള്ള മത്സ്യബന്ധനം നിയന്ത്രിക്കണം. ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ടെങ്കിലും ജാഗ്രതയോടു കൂടിയ മേൽനോട്ടവും നടപടികളും അത്യന്താപേക്ഷിതമാണ്. മൺസൂൺ കാല ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കണം.

200 നോട്ടിക്കൽ മൈലിനപ്പുറമുള്ള രാജ്യന്തര സമുദ്രത്തിലെ മത്സ്യബന്ധനത്തിനായി തദ്ദേശീയരായ മത്സ്യതൊഴിലാളികളെ പരിശീലിപ്പിക്കുകയും അതിനനുയോജ്യമായ രീതിയിൽ യാനങ്ങളെ പുന:ക്രമീകരിക്കുകയോ പുതിയത് രൂപകൽപന ചെയ്ത് മത്സ്യതൊഴിലാളികളുടെ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കണം. രാജ്യാന്തര സമുദ്രമേഖലയിലെ മത്സ്യബന്ധനം സുഗമവും



സുരക്ഷിതവും ആക്കുന്നതിന് വേണ്ട നിയമനിർമ്മാണം അത്യന്താപേക്ഷിത മാണ്.

മത്സ്യത്തൊഴിലാളികളുടെ തൊഴിലിനാനുപാതികമായ വരുമാനം ലഭിക്കുന്നതിന് മത്സ്യത്തിന് താങ്ങുവില നിശ്ചയിക്കണം. കൂടാതെ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഹാർബറുകൾ, നിശ്ചിത ലാന്റിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് ആധുനിക ശീതീകരണ സ്റ്റോറുകൾ നിർമ്മിക്കേണ്ടതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം മത്സ്യവിപണന സ്ത്രീകളെ പങ്കാളികളാക്കി നടപ്പിലാക്കണം. മത്സ്യമേഖലയിലെ യുവതീ-യുവാക്കളെ നൂതന വിപണന രീതികൾ പരിശീലിപ്പിച്ചു പ്രവർത്തനസജ്ജരാക്കണം. വിപണന രംഗത്ത് ഇ-മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കണം. കൂടാതെ മിൽമാബൂത്തുകളുടെ മാതൃകയിൽ മത്സ്യക്യോസ്കൾ സ്ഥാപിക്കണം. മത്സ്യ മാർക്കറ്റുകളുമായിബന്ധപ്പെട്ടു നിലവിലുള്ള ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കുക, വിപണന സമയ ക്രമം നിശ്ചയിക്കുക, മാർക്കറ്റുകൾ കേന്ദ്രീകരിച്ച് കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുക. മത്സ്യമാർക്കറ്റുകളെ മത്സ്യവിപണന സ്ത്രീ സൗഹൃദ മാർക്കറ്റുകളാക്കുക. കാർഷിക ഉല്പന്നങ്ങളുടെ വിതരണ ശൃംഖല മാതൃകയിൽ കുടുംബശ്രീയിലെ മത്സ്യവിപണന സ്ത്രീകളുടെ ശൃംഖല വഴി മത്സ്യവിപണനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. മത്സ്യബന്ധനം, വിപണനം എന്നിവക്ക് പലിശകുറഞ്ഞ വായ്പ ലഭ്യമാക്കുന്നതിനായി നബാർഡ് മാതൃകയിൽ സാമ്പത്തിക സ്ഥാപനത്തിന് രൂപം നൽകി നടപ്പിലാക്കണം. കൂടാതെ മത്സ്യത്തൊഴിലാളികളെ സ്വകാര്യ പണമിടപാടുകാരിൽ നിന്നും സംരക്ഷിക്കുന്നതിനും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും തീരദേശ സഹകരണ ബാങ്ക് യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

മത്സ്യതൊഴിലാളികളുടെ സുസ്ഥിര വികസനം ഉറപ്പുവരുത്തു ന്നതിനായി കടൽ, കടൽത്തീര പരിസ്ഥിതി സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കടലിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്ക്, ഖര, വ്യവസായ മാലിന്യങ്ങൾ മത്സ്യ സമ്പത്തിന്റെ ശോഷണത്തിനും, കടൽ പരിസ്ഥിതിയുടെ നാശത്തിനും കടലിന്റെ ഉഷ്ണസ്ഥിതി ഉയർച്ചക്കും, മത്സ്യാവാസവ്യവസ്ഥകളുടെ തന്നെ ശിഥിലീകരണ



ത്തിനും ഇടയാക്കുകയും സുലഭമായി ലഭിച്ചു കൊണ്ടിരുന്നു ചാളപോലുള്ള മത്സ്യത്തിന്റെ നാശത്തിനും ഇടയാകുന്നു. മത്സ്യത്തൊഴിലാളികളുടെ കൂട്ടായ്മകൾ സൃഷ്ടിച്ചുകൊണ്ട് കടലിലെ മാലിന്യം ശേഖരിക്കാനും അവയെ റീസൈക്കിൾ ചെയ്തു ഇത്തരം പ്രവർത്തനങ്ങൾക്ക് വേണ്ട മുതൽ സമാഹരിക്കേണ്ടതാണ്. നീല സമ്പദ്വ്യവസ്ഥയുടെ പേരിൽ, ലാഭേച്ഛയോടെ കടൽ തീരവും, തീരക്കടലും, ആഴക്കടലും ഖനനം ചെയ്തു ഊഴുത് മിറക്കാനുള്ള നീക്കങ്ങളെ ചെറുക്കണം. കടൽതീരത്തും കടലിലും മാലിന്യം നിക്ഷേപിക്കുന്നത് നിയമം മൂലം നിരോധിക്കണം. സുസ്ഥിര മത്സ്യ ഉല്പാദനം വിഭവ പരിപാലനം പരിസ്ഥിതി സംരക്ഷണം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് കോ-മാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കണം.

## 2) പങ്കാളിത്ത വികസനവും സംവിധാനങ്ങളുടെ പുനഃക്രമീകരണവും

സംസ്ഥാനത്ത് 1996 മുതൽ ആരംഭിച്ച ജനകീയാസൂത്രണ പ്രക്രിയയിലൂടെ പദ്ധതികളുടെ ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ എന്നിവയിലൂടെ പൊതുജനങ്ങൾ ഭരണ നിർവ്വഹണത്തിൽ പങ്കാളികളായി ജനക്ഷേമം ഉറപ്പാക്കി വരുന്നു. എന്നാൽ മത്സ്യബന്ധനത്തിന്റെ സ്വഭാവം കാരണം മത്സ്യതൊഴിലാളികൾക്ക് ഗ്രാമസഭകളിൽ പങ്കാളികളാകാനോ വികസന പ്രക്രിയയിൽ പങ്കുകാരാകാനോ കഴിയാത്ത സ്ഥിതിയാണുള്ളത്.

ഇക്കാരണത്താലാണ് മത്സ്യഭവനുകൾ രൂപീകരിക്കണമെന്ന് 9-ാം പദ്ധതിക്കാലത്തും (1997-2002) മത്സ്യസഭകൾ രൂപീകരിക്കണമെന്ന് 12-ാം പദ്ധതിക്കാലത്തും നിർദ്ദേശിച്ചത്. എന്നാൽ പ്രവത്തനം വേണ്ടത്ര മുന്നോട്ട് പോയില്ല. ആയതിനാൽ;

### a) മത്സ്യഭവനുകളുടെയും മത്സ്യസഭകളുടെയും പുന:ക്രമീകരണം

i. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന (i) മത്സ്യവകുപ്പ് (ii) മത്സ്യഫെഡ് (iii) മത്സ്യത്തൊഴിലാളിക്ഷേമനിധി എന്നിവയെ മത്സ്യഭവനുകളുടെ കീഴിൽ കാര്യക്ഷമമായി ഏകോപിപ്പിക്കേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ മത്സ്യഗ്രാമങ്ങളിലും മത്സ്യഭവനുകൾ സ്ഥാപിക്കണം.

ii. മത്സ്യഭവനുകളുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന മത്സ്യഗ്രാമ വികസന പദ്ധതികൾ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കണം. കൂടാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന സമഗ്ര ഗ്രാമ വികസന പദ്ധതി ഒൻപത് തീരദേശ ജില്ലകളിലെ ഓരോ ഗ്രാമങ്ങളെ തിരഞ്ഞെടുത്ത് മാതൃകാ മത്സ്യഗ്രാമങ്ങൾ സൃഷ്ടിക്കണം. തുടർന്ന് ഇതര ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

iii. തീരദേശ പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയിൽ മത്സ്യതൊഴിലാളികളെ കാര്യക്ഷമമായി പങ്കാളികളാക്കുന്നതിനായി മത്സ്യതൊഴിലാളി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. വർക്കിംഗ് ഗ്രൂപ്പുകളുടെ സഹകരണത്തോടെ പദ്ധതികളുടെ ആസൂത്രണം, നടപ്പിലാക്കൽ, മേൽനോട്ടം, വിലയിരുത്തൽ എന്നിവ സമയാസമയങ്ങളിൽ നടപ്പിലാക്കേണ്ടതാണ്. മത്സ്യമേഖലയുടെ ആസൂത്രണത്തിനായി ഐക്യരാഷ്ട്ര സംഘടനയുടെ 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ ആധാരമാക്കാവുന്നതാണ്. അവയുടെ കൃത്യമായ ടാർജറ്റ് (169) നൽകിയിട്ടുള്ള സൂചികകളുടെ (300) അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ മത്സ്യഭവനുകളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടതാണ്.

### iv. പ്രോത്സാഹകർ

മത്സ്യസഭകളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിന് പ്രദേശത്തെ യുവജനങ്ങൾ, അദ്ധ്യാപകർ സന്നദ്ധ പ്രവർത്തകർ, വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി പ്രോത്സാഹകരുടെ സമിതി രൂപീകരിക്കേണ്ടതാണ്.



### v. സ്ഥിരം മേൽനോട്ട സമിതി

മത്സ്യസഭകളുടെയും മത്സ്യഭവനുകളുടെയും പ്രവർത്തനങ്ങ ളുടെ സ്ഥിരം മേൽനോട്ടത്തിനായി ജില്ലാതല മേൽനോട്ട സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ചെയർമാൻ (i) അദ്ധ്യക്ഷൻ, ജില്ലകളക്ടർ, (ii) കൺവീനറും, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ (iii) ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ (i) ജില്ലാ ആസൂത്രണ ഓഫീസർ (V) ജില്ലാ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിക്സ്റ്റിക്സ് ഡപ്യൂട്ടി ഡയറക്ടർ (vi) ജില്ലാ ടൗൺ പ്ലാനർ, (vii) നഗര ആസൂത്രണ ജോയിന്റ് ഡയറക്ടർ (viii) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ix) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ (x) മത്സ്യമേഖല വിദഗ്ദ്ധർ (xi) സന്നദ്ധ പ്രവർത്തകർ (xii) എന്നിവർ ഉൾപ്പെട്ട മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്.

b) മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളെ കുടുംബശ്രീ മാതൃകയിൽ പരിവർത്തിപ്പിച്ച് മത്സ്യത്തൊഴിലാളികളുടെ വികസനം ത്വരിതപ്പെടുത്തേണ്ടതാണ്.

c) മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ആദിവാസി സബ് പ്ലാൻ (TSP) ഷെഡ്യൂൾസ് കാസ്റ്റ് സബ് പ്ലാൻ (SCSP) മാതൃകയിൽ ഫിഷർമെൻ സബ് പ്ലാൻ (FSP) ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

### 3) വിദ്യാഭ്യാസം

മത്സ്യമേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവസരങ്ങളുടെയും കുറവ് പരിഹരിക്കുന്നതിനായി ആധുനിക വിജ്ഞാന സമ്പദ് ഘടനയും, മനുഷ്യ വിഭവശേഷി വർദ്ധനയും ലക്ഷ്യംവച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ എന്നിവ ആവശ്യാനുസരണം സ്ഥാപിക്കേണ്ടതാണ്. തീരമേഖലയിലെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും മാനേജ്മെന്റുകളുടെ കീഴിലായതിനാൽ അവയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. അംഗണവാടികൾ മുതലുള്ള സ്കൂൾവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുകൾ നികത്തപ്പെടണം. നിലവിലുള്ള 10 ഫിഷറീസ് സ്ക്കൂളുകളിലെ പാഠ്യപദ്ധതി ഉൾപ്പെടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള റസിഡൻഷ്യൽ സ്കൂളുകളായി ഉയർത്തണം. ഫിഷറീസ് സ്കൂളുകളോട് ചേർന്നു യുവജനങ്ങൾക്കും, മത്സ്യതൊഴിലാളികൾക്കും കുഫോസിന്റെ സർട്ടിഫിക്കറ്റോടുകൂടിയ കോഴ്സുകൾ തയ്യാറാക്കി സംഘടിപ്പിക്കേണ്ടതാണ്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക ക്രമീകരണങ്ങളും നടത്തേണ്ടതാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്വാശ്രയ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാഭ്യാസ സഹായം ലഭ്യമാക്കണം.

## 4) ആരോഗ്യ പരിപാലനം

തീരദേശത്തെ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രസവ ശുശ്രൂഷ ഉൾപ്പെടെ ആരോഗ്യ പരിപാലനത്തിനായി പൂർണ്ണസമയം പ്രവർത്തിക്കുന്ന ഡോക്ടർമാരെ നിയോഗിക്കണം. ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തണം. ആംബുലൻസ് സേവനം, ഡയാലിസിനുള്ള സൗകര്യം എന്നിവ ഉറപ്പാക്കണം.

## 5) അടിസ്ഥാന സൗകര്യ വികസനം

കാട് ആദിവാസികൾക്ക് പൊതു സ്വത്തായിരുന്നതു പോലെ കടലും കടൽ വിഭവങ്ങളും കടൽത്തീരവും മത്സ്യത്തൊഴിലാളികൾക്ക് പൊതുസ്വത്തായിരുന്നു. മത്സ്യത്തൊഴിലാളികൾ പൊതുവായി കരുതിയിരുന്ന ഇടങ്ങളിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങളായ തിരുവനന്തപുരം എയർപോർട്ട്, സ്വീവേജ് ഫാം, ടൈറ്റാനിയം ഫാക്ടറി, ബഹിരാകാശ ഗവേഷണ കേന്ദ്രം, കിൻഫ്രാ അപ്പാരൽ പാർക്ക് തുടങ്ങിയവ കടന്നുവന്നു. ശേഷിച്ചിരുന്ന സ്ഥലങ്ങൾ ടൂറിസത്തിന്റെ പേര് പറഞ്ഞു തിരുവനന്തപുരത്ത് സോമതീരം, ആലപ്പുഴയിലെ മാരാരിക്കുളത്ത് കസിനോ ഗ്രൂപ്പ് തുടങ്ങിയവർ തീരങ്ങൾ കൈയ്യടക്കി. കടലിൽ നടത്തിയ അശാസ്ത്രീയ നിർമ്മാണങ്ങളുടെയും കാലാവസ്ഥ മാറ്റത്തിന്റെയും ഫലമായി തീരങ്ങൾ കടൽകവരുകയാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരിതമനുഭവിക്കുന്ന കടലിന്റെ മക്കളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1986 ൽ പാസ്സാക്കിയ പരിസ്ഥിതി നിയമത്തിന്റെ പശ്ചാത്തലത്തിൽ 1991 ൽ തീരദേശ നിയന്ത്രണ വിജ്ഞാപനം (CRZ) പുറപ്പെടുവിച്ചത്. എന്നാൽ ടൂറിസത്തിന്റെ പേരിൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് തീരം കവരുന്ന സ്ഥിതി തുടർന്നു. ഇനിയെങ്കിലും തീരത്ത് അവശേഷിക്കുന്ന ഭൂമി ആദിവാസികൾക്കുള്ള വനാവകാശ നിയമത്തിനനുസൃതമായി മത്സ്യതൊഴിലാളികൾക്കായി നിയമം മൂലം നീക്കിവയ്ക്കണം. 2021 ൽ ഉണ്ടായ ടൗട്ടെ ചുഴലിക്കാറ്റ് പൊഴിയൂർ മുതൽ പൊന്നാനി വരെ ഉള്ള തീരത്തിന്റെ ലോലസ്ഥിതി പുറത്ത് കൊണ്ടുവന്നു. തീരം കടലെടുത്ത് ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ഭൂമിയുടെയും തീരത്തിന്റെയും അവകാശം നിയമം മൂലം ഉറപ്പു വരുത്തിക്കൊണ്ട് പുനർഗേഹം പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. കൂടാതെ ശുദ്ധജല ലഭ്യത, ഡ്രൈനേജ്, കക്കൂസ്, റോഡ്, വൈദ്യുതി, മാലിന്യ സംസ്ക്കരണം തുടങ്ങിയ സംവിധാനങ്ങളോടു കൂടിയ സ്പെഷ്യൽ ഭവനപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. തീരത്ത് താമസിക്കുന്ന എല്ലാ മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും പട്ടയം നൽകണം.



## 6) സാമൂഹ്യ സുരക്ഷ

ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നതുപോലെ മത്സ്യക്കയറ്റുമതി കമ്പനികളിൽ നിന്നും വൻകിട മത്സ്യകച്ചവടക്കാരിൽ നിന്നും ക്ഷേമനിധിയിലേക്കുള്ള വിഹിതം ഈടാക്കുകയും സർക്കാർ സഹായത്തോടെ മത്സ്യത്തൊഴിലാളികൾ വാർദ്ധക്യകാല പെൻഷൻ, ചികിത്സാ സൗകര്യം, അപകട ഇൻഷുറൻസ് എന്നിവ ഉൾപ്പെടെ സമഗ്രമായ സാമൂഹ്യസുരക്ഷാ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കണം. കടലിൽ വച്ച് മിന്നലാഘാതം, ഹൃദയസ്തംഭനം ഉൾപ്പെടെ അപകടമരണത്തിനിരയാകുന്ന മത്സ്യതൊഴിലാളികൾക്ക് 20 ലക്ഷം രൂപ ഇൻഷുറൻസ് ഇനത്തിൽ ഏർപ്പെടുത്തണം. വരുമാന സ്രോതസ്സ് നഷ്ടപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് തൊഴിൽ നൽകുന്നത് ഉൾപ്പെടെ വിദ്യാർത്ഥികളുടെ ബിരുദാനന്തര ബിരുദം വരെയുള്ള പഠനം സർക്കാർ ഏറ്റെടുക്കണം. കാർഷിക വിളകളുടെ ഇൻഷുറൻസ് മാതൃകയിൽ മത്സ്യബന്ധന ഉരുക്കളുടെ ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കണം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കിസാൻ യോജന പദ്ധതിയുടെ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കണം. അടിക്കടി കടൽ സ്ഥിതിയിലുണ്ടാകുന്ന മാറ്റം പരിഗണിച്ച് മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിലൂടെ (MGNREGS) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടി നൽകുകയും പുരുഷ മത്സ്യത്തൊഴിലാളികളെക്കൂടി ഈ പദ്ധതിയുടെ ഭാഗമാക്കുകയും വേണം.

## 7) തീരസംരക്ഷണം

സ്വതന്ത്ര ഭാരതം തീരമേഖലയുടെ വികസനത്തിനായി അശാസ്ത്രീയമായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ തീരം ഭയാനകമായ രീതിയിൽ ശോഷിച്ചുകൊണ്ടിരിക്കുകയാണ്. 590 കിലോ മീറ്റർ ദൈർഘ്യമുള്ള കടൽത്തീരത്തിൽ 310 കിലോമീറ്ററും കല്ലും, പുലിമുട്ടുകളും നിർമ്മിച്ചാണ് സംരക്ഷിച്ചിരിക്കുന്നത്. ശേഷിക്കുന്ന 10.3 ശതമാനം തീരവും തീവ്രശോഷണം നേരിടുന്നതാ

യാണ് സെന്റർ ഫോർ എർത്ത് സയൻസ് റിപ്പോർട്ട് ചെയ്യുന്നത്. കടൽ പരിസ്ഥിതിയിൽ വന്ന മാറ്റം, കടലിലേക്ക് നിക്ഷേപിക്കുന്ന പ്ലാസ്റ്റിക്ക്, ഖര, ഇലക്ട്രോണിക്ക്, ന്യൂക്ലിയർ മാലിന്യങ്ങളുടെ ഫലമായും കടൽഖനനത്തിന്റെ ഫലമായും കടലിന്റെ ഊഷ്ണ സ്ഥിതി വർദ്ധിക്കുകയും ചെയ്യുന്നു. തൽഫലമായി ചുഴലിക്കാറ്റ്, സുനാമിത്തിരകൾ അടിക്കടി ഉണ്ടാകുന്നു. കൂടാതെ കടലിന്റെ ജലനിരപ്പിന്റെ ഉയർച്ചയും അനിയന്ത്രിതമായ തീരശോഷണത്തിന് ഇടയാക്കുന്നു. കൊച്ചിയിൽ നിർമ്മിച്ച പോർട്ടിന്റെ അനന്തരഫലമാണ് ചെല്ലാനത്തെ മത്സ്യതൊഴിലാളികൾ വർഷങ്ങളായി നേരിടുന്ന കടൽകയറ്റം. ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. വിഴിഞ്ഞത്ത് നിർമ്മിക്കുന്ന തുറമുഖത്തിന്റെ ഭവിഷ്യത്തുകൾ പനത്തുറ മുതൽ തുമ്പവരെയുള്ള ഗ്രാമങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിന്റെ അനന്തരഫലമായി ഉണ്ടാകുന്ന തീരശോഷണ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ നിയോഗിച്ച കമ്മിറ്റി എല്ലാ ധാർമ്മികതയും വിട്ട് അദാനിയുടെ സ്തുതിപാഠകരായി മാറിക്കഴിഞ്ഞു. തീരശോഷണത്തിന്റെ ഫലമായി വീടും സ്ഥലവും നഷ്ടപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 300 കോടി രൂപയുടെ പദ്ധതി അടിയന്തരമായി നടപ്പിലാക്കണം. കൂടാതെ കേരളത്തിലങ്ങോളമിങ്ങോളം രൂക്ഷമായ കടലേറ്റമുള്ള പ്രദേശങ്ങളിൽ പുലിമുട്ടോടുകൂടിയ കടൽ ഭിത്തി നിർമ്മിച്ചും, മറ്റു പ്രദേശങ്ങളിലെ ആഘാതത്തിന്റെ തോതിനനുസരിച്ച് ജൈവകണ്ടൽക്കാട്, തീരവനവൽക്കരണം, ജിയോ ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണം എന്നിവ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. ഇതിനകം കടലേറ്റം മൂലം സ്വന്തം ഭൂമിയും ഭവനങ്ങളും നഷ്ടപ്പെട്ട കുടുംബങ്ങളെ നിലവിലുള്ള സ്ഥലത്തിന്റെ അവകാശം നിലനിർത്തി പ്രത്യേക പാക്കേജുകൾ തയ്യാറാക്കി പുനരധിവസിപ്പിക്കണം. ഈ നടപടികളിൽ ജനങ്ങളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കികൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി കൈകൊള്ളണം.



## 8) കടൽ സുരക്ഷ

ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിൽ നിരന്തരമുണ്ടായിക്കൊണ്ടിരുന്ന ചുഴലിക്കാറ്റ് പടിഞ്ഞാറൻ തീരങ്ങളിലും നിത്യസംഭവമായി മാറിക്കഴിഞ്ഞു. ഓഖി ചുഴലിക്കാറ്റിന് ശേഷം വർഷത്തിൽ 15 മുതൽ 20 ചുഴലിക്കാറ്റുകളാണ് അറബിക്കടലിലൂടെ കടന്നു പോകുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ കേരളം, ലക്ഷദ്വീപ് തുടങ്ങിയ മേഖലകളിൽ നിന്ന് മുംബൈ, ഗുജറാത്ത് വരെ എത്തിയ ടൗട്ടെ ഒരു വലിയ ജാഗ്രതാ മുന്നറിയിപ്പാണ്.

നീലസമ്പദ് വ്യവസ്ഥയുടെ കരട് നയത്തിൽ വെസ്സൽ ട്രാക്കിംഗിനായി ഒരു ഉപഗ്രഹം വിക്ഷേപിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നു. വർദ്ധിച്ച് വരുന്ന കാലാവസ്ഥ വ്യതിയാനം, ചുഴലിക്കാറ്റ്, പ്രകൃതിക്ഷോഭം, കടലിലെ കപ്പലപകടങ്ങൾ എന്നിവ പരിഗണിച്ച് കാലാവസ്ഥാവ്യതിയാനം മുൻകൂട്ടി അറിയിക്കാനും അപകട സ്ഥിതി മനസ്സിലാക്കാനും ഇന്ത്യഗവൺമെന്റിന്റെ സഹകരണത്തോടെ ബഹിരാകാശ ഗവേഷണകേന്ദ്രവുമായി സഹകരിച്ച് ഉപഗ്രഹം വിക്ഷേപിക്കേണ്ടതാണ്. കാലാവസ്ഥാ മുന്നറിയിപ്പ് കരയിലും കടലിലും നൽകുന്നത് മത്സ്യഭവനുകളുടെ ചുമതലയാകണം. വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം ആരംഭിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. സ്പീഡ്ബോട്ട്, മറൈൻ ആംബുലൻസ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടു കൂടിയ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കത്തക്കരീതിയിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. വിവരങ്ങൾ കടലിൽ കിടക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കു ന്നതിന് വയർലെസ് സെറ്റുകൾ നൽകേണ്ടതാണ്.

കടലിൽ പോകുന്ന മത്സ്യതൊഴിലാളികളുടെ വിവരം മത്സ്യഭവനുകളിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കണം. കടലിലേക്ക് പോകുന്ന യാനങ്ങളിൽ ലൈഫ് ജാക്കറ്റ് ഉൾപ്പെടെ സുരക്ഷാ കിറ്റുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തണം. തീരദേശ ഗ്രാമങ്ങളിൽ ദുരന്ത നിവാരണ സമിതികൾ രൂപീകരിച്ച് ദുരന്ത ഘട്ടങ്ങളിൽ ഫലപ്രദമായ പ്രവർത്തനത്തിന് സജ്ജമാക്കണം. കേരളത്തിലെ ജലപ്രളയ സമയത്ത് മത്സ്യത്തൊഴിലാളികൾ പ്രദർശിപ്പിച്ച വൈഭവം തിരിച്ചറിഞ്ഞ് മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ്, ലൈഫ് ഗാർഡ് എന്നിവയിൽ 25 ശതമാനത്തിൽ കുറയാതെ മത്സ്യതൊഴിലാളികളെ നിയമിക്കേണ്ടതാണ്.

സംസ്ഥാന–ജില്ലാ–ഗ്രാമ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്ക് ദുരന്തനിവാരണ ബോധവൽക്കരണം എന്നിവ നൽകേണ്ടതാണ്. സംസ്ഥാന ദുരന്ത നിവാരണ സമിതിയുടെ ഉപസമിതികൾ തീരദേശത്തെ കേന്ദ്രീകരിച്ചും വനമേഖലയെ കേന്ദ്രീകരിച്ചും പ്രാദേശിക വിദഗ്ദ്ധരെ ഉൾചേർത്തും രൂപീകരിക്കേണ്ടതാണ്.

## 9) തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കേണ്ട പ്രത്യേക പദ്ധതികൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പുരോഗമിച്ച് വരുമ്പോൾ തന്നെ പൂന്തുറ, ബീമാപള്ളി, പനത്തുറ, വലിയതുറ, ശംഖുമുഖം തീരങ്ങളിലും തുമ്പ വരെയുള്ള തീരദേശ ഗ്രാമങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തീരശോഷണത്തിന്റെ വ്യാപ്തി വ്യക്തമാകുന്നു. വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിന്റെ ആഘാതം റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള സമിതി തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാത്ത സാഹചര്യത്തിൽ സെന്റർ ഫോർ എർത്ത് സയൻസിന്റെ സഹായത്തോടെ തീരശോഷണത്തിന്റെ ഗൗരവം പഠിക്കണം. കൂടാതെ തീരശോഷണം, ഉപജീവനനഷ്ടം തുടങ്ങിയവ പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ച 475 കോടി രൂപയുടെ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം. വലിയതുറയിലെ സ്വീവേജ് പ്ലാന്റ് നവീകരിച്ചതിന്റെ ഫലമായി ലഭിച്ചിട്ടുള്ളതിൽ ശേഷിക്കുന്ന 20 ഏക്കർ ഭൂമി കടൽ കയറി വീടുനഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഉപയോഗിക്കണം. പോർട്ടിന്റെ വ്യാപകമായ ആഘാതം പരിഗണിച്ച് യുവതലമുറയെ തൊഴിൽ സാങ്കേതിക വിദ്യ പരിശീലിപ്പിച്ച് നൂതന തൊഴിൽ മാർഗ്ഗത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. ഇതിനായി പാച്ചല്ലൂരിൽ സർക്കാർ ഉടമസ്ഥയിലുള്ള സ്ഥലത്ത് വിദഗദ്ധ സ്കിൽ പരിശീലന കേന്ദ്രം കുഫോസിന്റെ സർട്ടിഫിക്കറ്റോടു കൂടി നടപ്പിലാക്കണം. പൊഴിയൂർ–പൂവ്വാർ–കോവളം–ശംഖുമുഖം–വേളി–ആക്കുളം ടൂറിസ്റ്റ് ശൃംഖല വികസിപ്പിച്ച് തീരദേശത്തെ യുവതീയുവാക്കളെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കേണ്ടതാണ്.



ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തഫലങ്ങൾ ഏറ്റവുമധികം ബാധിച്ച തിരുവനന്തപുരത്ത് മരണപ്പെടുകയും കാണാതാവുകയും ഗുരുതരപരുക്കുകളോടെ തൊഴിൽ ചെയ്യാൻ കഴിയാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പരിപാലനം ഉൾപ്പെടെ പുനരധിവസിപ്പിക്കേണ്ടതാണ്. ഈ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതി തള്ളാനുള്ള സർക്കാർ ഉത്തരവുകൾ ഉണ്ടായെങ്കിലും ഫലപ്രദമായ നടപടി ഇതുവരെയും ഉണ്ടായിട്ടില്ല. മത്സ്യതൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. മരണമടയുകയും കാണാതാവുകയും ചെയ്ത തൊഴിലാളികളുടെ കുടുംബത്തിൽ ഒരംഗത്തിന് തൊഴിൽ നൽകുമെന്ന വാഗ്ദാനവും പൂർത്തീകരിക്കേണ്ടതാണ്. വിഴിഞ്ഞത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച സമുദ്ര ഉല്പന്ന നിർമ്മാണ വിപണന യൂണിറ്റ് എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. കൂടാതെ ഇനിയും പൂർത്തിയാക്കാത്ത വാഗ്ദാനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം.

## സമാപനം

ബഹുവിധമായ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന കേരളത്തിലെ മത്സ്യമേഖലയെ സമഗ്രമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷമുന്നണി പ്രകടന പത്രികയിൽ രണ്ട് തലക്കെട്ടുകളിൽ കർമ്മ പദ്ധതികൾ നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച 5000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി റ്റാറ്റാ, ഇർമ കൺസൾട്ടൻസികളെ ചുമതലപ്പെടുത്തിയിരുന്നു. റ്റാറ്റായുടെ റിപ്പോർട്ട് പുറത്തുവന്നതായാണ് അറിയാൻ കഴിയുന്നത്. എത്രയും വേഗം ഇർമയുടെ പഠനം പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളണം. പ്രസ്തുത റിപ്പോർട്ടുകളുടെ കൂടെ വെളിച്ചത്തിൽ മത്സ്യതൊഴിലാളി മേഖലയിലെയും സർക്കാർ മേഖലയിലെയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമഗ്രമായ പദ്ധതിക്ക് രൂപം നൽകണം. ഈ പദ്ധതി നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച്, പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത മുഴുവൻ പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട നടപടി അടുത്ത മന്ത്രിസഭാ യോഗത്തിൽ തന്നെ കൈക്കൊള്ളണം. ■



# തിരുഹൃദയം

# സ്നേഹം, സ്നേഹം മാത്രം



ഫാ. ലോറൻസ് കുലാസ്

കത്തോലിക്കാ വിശ്വാസപാരമ്പര്യത്തിൽ ഏറ്റവും ഭക്തിയോടെ ആദരിക്കപ്പെടുന്ന ഒരു ചിത്രമാണല്ലോ യേശുവിന്റെ തിരുഹൃദയ ചിത്രം. തിരുഹൃദയത്തിന്റെ നാമധേയത്തിൽ നിരവിധി കത്തോലിക്കാ ദൈവാലയങ്ങളും സ്ഥാപനങ്ങളും നമുക്ക് കാണാനാകും. എല്ലാ ദൈവാലയങ്ങളിലും കത്തോലിക്കാ ഭവനങ്ങളിലും തിരുഹൃദയത്തിന്റെ ഒരു ചിത്രമോ രൂപമോ സ്ഥാപ്പിച്ചിട്ടുമുണ്ട്. ജൂൺ മാസം തിരുഹൃദയമാസമായി ആചരിക്കപ്പെടുമ്പോൾ ഒരിക്കൽകൂടി തിരുഹൃദയഭക്തിയെക്കുറിച്ച് ചിന്തിക്കുവാനും, പതിനേഴാം നൂറ്റാണ്ടിൽ വിശുദ്ധ മാർഗറെറ്റ് മേരി അലാകോക്കിന് അവിടുത്തെ തിരുഹൃദയം വെളിപ്പെടുത്തി കൊടുക്കുക വഴി യേശു നമ്മോട് പങ്കുവയ്ക്കാൻ ശ്രമിച്ച സന്ദേശം ഉൾക്കൊള്ളുവാനും, തിരുഹൃദയഭക്തിക്ക് ഇന്ന് നല്കപ്പെടുന്ന പ്രാധാന്യം മനസിലാക്കുവാനും നമുക്ക് ശ്രമിക്കാം.

മനുഷ്യന്റെ അസ്ഥിത്വത്തിന്റെ തന്നെ കേന്ദ്രമാണല്ലോ ഹൃദയം. കാരണം, ഹൃദയമാണ് ശരീരത്തിലുടനീളം രക്തം എത്തിക്കുന്നതും അതുവഴി നമ്മുടെ ജീവൻ നിലനിർത്തുന്നതും. നമ്മുടെ വികാരങ്ങളെയും, സ്നേഹിക്കുവാനുള്ള കഴിവിനെയും, ഹൃദയം പ്രതിനിദാനം ചെയ്യുന്നു. നാം സ്നേഹിക്കുന്നവർ മരിക്കുമ്പോഴും, സ്നേഹിക്കുന്നയാൾ ഒറ്റികൊടുക്കുമ്പോഴും, സ്നേഹം തിരിച്ചു കിട്ടാത്തപ്പോഴും, എന്തെങ്കിലും ദുരിതം സംഭവിക്കുമ്പോഴും, നാം സ്വയം 'ഹൃദയം നുറുങ്ങിയവരായി' വിശേഷിപ്പിക്കാറുണ്ട്. മറ്റുള്ളവരോട് നമ്മുടെ മനസ്സിലുള്ള കാര്യം തുറന്നു സംസാരിക്കുമ്പോൾ 'ഹൃദയം ഹൃദയത്തോട്' സംസാരിക്കുന്നതായും 'ഹൃദയത്തിൽ നിന്ന്' സംസാരിക്കുന്നതായും നാം വിശേഷിപ്പിക്കാറുണ്ട്.

യേശു അവിടുത്തെ തിരുഹൃദയത്തോടുള്ള ഭക്തി എന്തുകൊണ്ട് ആഗ്രഹിച്ചു എന്നത് മേൽപറഞ്ഞതിൽ തന്നെ സ്പഷ്ടമാണ്. നമ്മോട് ചേർന്നിരിക്കുവാനും അവിടുത്തെ സ്നേഹത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കിതരുവാനും ഈ സ്നേഹത്തിലുള്ള പ്രത്യുത്തരമായി അവിടുത്തെ തിരിച്ചു സ്നേഹിക്കാനും ഈ സ്നേഹം മറ്റുള്ളവർക്ക് പകുത്ത് നല്കാനും യേശു ആഗ്രഹിക്കുന്നു. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം'' (യോഹ 15:12) എന്ന കല്പനയാണ് അവിടുന്ന് ശിഷ്യർക്ക് നല്കിയത്. ''ദൈവം സ്നേഹമാണ്'' (1 യോഹ 4:8) എന്ന് യോഹന്നാൻ വ്യക്തമാക്കുന്നുണ്ട്. തിരുഹൃദയത്തോടുള്ള ഭക്തി ദൈവം ആരാണെന്നുള്ള ഈ തിരിച്ചറിവിനെ ഒന്നുകൂടി ആഴമാക്കുന്നു. അവിടത്തെ സ്നേഹത്തിലേക്ക് ഒന്നുകൂടി ഇറങ്ങിചെല്ലുവാനുമുള്ള ക്ഷണമാണ് യേശുവിന്റെ തിരുഹൃദയം.

1673 നും 1675 നും മധ്യേ പല പ്രാവശ്യം നമ്മുടെ കർത്താവായ യേശുക്രിസ്തു വിസിറ്റേഷൻ സഭാ അംഗമായ വിശുദ്ധ മാർഗരെറ്റ് മേരി അലാകോക്കിന് ഫ്രാൻസിലെ പാരേലിമോണിയാൽ (ParayleMonial) എന്ന സ്ഥലത്തുള്ള കോൺവെന്റിൽ പ്രത്യക്ഷപ്പെട്ടു. വിശുദ്ധ യോഹന്നാന്റെ തിരുനാളായ ഡിസംബർ 27 നാണ് ആദ്യമായി തിരുഹൃദയം വെളിപ്പെടുത്തി യേശു പ്രത്യക്ഷപ്പെട്ടത്. അന്ത്യത്താഴവേളയിൽ യേശു 'സ്നേഹിച്ച ശിഷ്യനും' കർത്താവിന്റെ മാറിൽ ചാരികിടന്നവനുമായ വിശുദ്ധ യോഹന്നാന്റെ തിരുനാൾ ദിനം തന്നെ യേശു പ്രത്യക്ഷപ്പെട്ട് അവിടുത്തെ തിരുഹൃദയം കാണിച്ചുകൊടുത്തുവെന്നത് ഏറെ കൗതുകകരമാണ്. തീജ്വാലയും കുരിശും ഉൾപ്പെട്ട, മുള്ളുകളാൽ ചുറ്റപ്പെട്ട, അവിടുത്തെ തിരുഹൃദയമാണ്

ക്രിസ്തു വിശുദ്ധ മർഗരീത്താമറിയത്തിന് കാണിച്ച് കൊടുത്തത്. ക്രൂശിതന്റെ പിളർക്കപ്പെട്ട ഹൃദയം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് (യോഹ 19:20) നാം മനസിലാക്കുന്നു. ക്രിസ്തുവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും തിരുനാളിനു ശേഷം വരുന്ന വെള്ളിയാഴ്ച തിരുഹൃദയത്തിന്റെ തിരുനാൾ ആചരിക്കണമെന്ന് വിശുദ്ധ മർഗരീത്താ മറിയത്തെ യേശു അറിയിച്ചു (അജപാലനപരമായ കാരണങ്ങളാൽ നാം തിരുഹൃദയതിരുനാൾ ഞായറാഴ്ചയാണ് ആഘോഷിക്കുന്നത്). കൂടാതെ, തിരുഹൃദയത്തിനോടുള്ള ആദരസൂചകമായി വിശ്വാസികളെല്ലാം മാസാദ്യവെള്ളിയാഴ്ചകളിലും, ഒമ്പത് തുടർച്ചയായ മാസങ്ങളിലെ ആദ്യവെള്ളിയാഴ്ചകളിലും ദിവ്യകാരുണ്യം സ്വീരിക്കണമെന്നും അവിടുന്ന് നിർദ്ദേശിച്ചു. അങ്ങനെ, 'ആദ്യവെള്ളിയാഴ്ച ഭക്തി' നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായി മാറി.

**1765 ലാണ് യേശുവിന്റെ തിരുഹൃദയ തിരുനാൾ ഔദ്യോഗികമായി സഭയിൽ ആരംഭിച്ചത്. 1899 –ൽ ലിയോ പതിമൂന്നാമൻ പാപ്പ മാനവരാശിയെ മുഴുവൻ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും ചെയ്തു. തിരുഹൃദയഭക്തിയെക്കുറിച്ചുള്ള ചാക്രികലേഖനമായ Haurietis Aquas –ൽ ലിയോ പതിമൂന്നാമൻ പാപ്പ ഇപ്രകാരമെഴുതി: "കർത്താവായ യേശുക്രിസ്തു, അവിടുത്തെ പരിശുദ്ധ ഹൃദയം തുറന്നുകാട്ടികൊണ്ട്, വളരെ സവിശേഷമായ രീതിയിൽ ഏവരുടെയും മനസ്സിനെ മാനവരാശിയോടുള്ള ദൈവത്തിന്റെ അനന്തമായ കരുണയുടെ രഹസ്യം ധ്യാനിക്കുവാൻ ക്ഷണിക്കുന്നു.**

1765 ലാണ് യേശുവിന്റെ തിരുഹൃദയ തിരുനാൾ ഔദ്യോഗികമായി സഭയിൽ ആരംഭിച്ചത്. 1899 –ൽ ലിയോ പതിമൂന്നാമൻ പാപ്പ മാനവരാശിയെ മുഴുവൻ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും ചെയ്തു. തിരുഹൃദയഭക്തിയെക്കുറിച്ചുള്ള ചാക്രികലേഖനമായ Haurietis Aquas –ൽ ലിയോ പതിമൂന്നാമൻ പാപ്പ ഇപ്രകാരമെഴുതി: "കർത്താവായ യേശുക്രിസ്തു, അവിടുത്തെ പരിശുദ്ധ ഹൃദയം തുറന്നുകാട്ടികൊണ്ട്, വളരെ സവിശേഷമായ രീതിയിൽ ഏവരുടെയും മനസ്സിനെ മാനവരാശിയോടുള്ള ദൈവത്തിന്റെ അനന്തമായ കരുണയുടെ രഹസ്യം ധ്യാനിക്കുവാൻ ക്ഷണിക്കുന്നു. ക്രിസ്തു അവിടുത്തെ ഹൃദയം തുറന്നുകാട്ടുന്നത് നാമെല്ലാം അവിടുത്തെ സ്നേഹത്തിന്റെ ജ്ഞാനവും ആഴവും തിരിച്ചറിയാനും വേണ്ടിയാണ്." അതിനാൽ, തിരുഹൃദയത്തിന്റെ സന്ദേശം സ്നേഹത്തിന്റെ സന്ദേശമാണ്. തിരുഹൃദയം ദൈവസ്നേഹത്തിന്റെ അടയാളമാണ്. ഈ അടയാളം ഒരു കാല്പനിക അടയാളമല്ല. മറിച്ച്, സത്യമായ പ്രതീകമാണ്; മനുഷ്യരക്ഷയുടെ കേന്ദ്രബിന്ദുവായ ദൈവസ്നേഹത്തിന്റെ യഥാർത്ഥ പ്രതീകം.

സുവിശേഷങ്ങളിൽ യേശുവിന്റെ ഹൃദയത്തെസംബന്ധിച്ച് നിരവധി സൂചനകൾ ലഭ്യമാണ്. ഉദാഹരണമായി, "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്ത 11:28–29). ഏറെ പ്രധാനമായി, യോഹന്നാൻ കാൽവരിയിൽ ദർശിച്ച ത്യാഗം യേശുവിന്റെ ഹൃദയത്തെ സംബന്ധിച്ച സുപ്രധാനവെളിപ്പെടുത്തലാണ്. ഒരു പടയാളി യേശു മരിച്ചതിന് ശേഷം കുന്തം കൊണ്ട് കുത്തിയപ്പോൾ അവിടുത്തെ മാറിൽ നിന്നും രക്തവും വെള്ളവും ഒഴുകി (യോഹ 19:31–37). യേശുവിന്റെ ഹൃദയത്തിൽ നിന്നും ഒഴുകിയത് മാനവരാശിയോടുള്ള ദൈവത്തിന്റെ ക്ഷമയുടെയും ജീവന്റെയും നീർച്ചാലാണ്.

യേശുവിന്റെ സ്നേഹം ഒരു വികാരം മാത്രമല്ല; അത് ജീവൻ നല്കാനുള്ള ശക്തിയാണ്. സുവിശേഷത്തിലെ ഒരു സംഭവം ഞാൻ ഇവിടെ ഓർക്കുന്നു. നായിനിലെ ഒരു വിധവയുടെ മകൻ മരണപ്പെടുന്നു. മൃതസംസ്കാരത്തിനുള്ള ക്രമീകരണങ്ങൾ നടക്കുന്നു. ആ സമയം വിലപിക്കുന്ന വിധവയായ അമ്മയെ യേശു കാണുന്നു. അവളോട് യേശുവിന് സഹതാപം തോന്നുന്നു (ലൂക്കാ 7:11–17). മനുഷ്യന്റെ വേദനയിൽ, കഷ്ടപാടുകളിൽ ദൈവം പ്രകടമാക്കുന്ന സ്നേഹവും കരുണയും യേശുവിന്റെ ഹൃദയത്തിൽ നാം ദർശിക്കുന്നു. നമ്മുടെ ദാരിദ്രത്തിൽ, വേദനയിൽ ദൈവത്തിൽ നിന്നുണ്ടാകുന്ന കരുണയാണ് യേശുവിന്റെ ഹൃദയം സൂചിപ്പിക്കുന്നത്.

ദൈവത്തിന്റെ ദൃശ്യരൂപമായ യേശുവിൽ നാം ദൈവത്തെ കാണുന്നു. ഹൃദയത്തിന്റെ അടയാളം വഴി എപ്പോഴും നമ്മെ സ്നേഹിക്കുന്ന ദൈവത്തെ യേശു ചൂണ്ടികാട്ടുന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). യേശുവിന്റെ തിരുഹൃദയം നമ്മളെ പഠിപ്പിക്കുന്നത് നിർവ്വികാരനും അകന്നു നില്കുന്നവനുമായ ദൈവത്തെയല്ല. മറിച്ച്, മാനവരാശിയോടും സർവ്വസൃഷ്ടിജാലങ്ങളോടും ഊഷ്മളവും മൃദുലവും വാത്സല്യവും ഉള്ള ദൈവത്തെയാണ്. ചുരുക്കിപറഞ്ഞാൽ, തിരുഹൃദയം സ്നേഹം, സ്നേഹം മാത്രമാണ്. യേശുവിന്റെ ഹൃദയം നമ്മെ തേടുന്നു ; നമ്മെ അന്വേഷിക്കുന്നു. തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിലൂടെ സഭ നമ്മെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നത് ദൈവം സ്നേഹമാണെന്നും സ്നേഹവും, കരുണയും എവിടെയുണ്ടോ അവിടെ ദൈവമുണ്ടെന്നുമാണ്. ഈ മഹനീയ സന്ദേശം ഏവർക്കും പകർന്നു നല്കാം. ■







# പുതു വിദ്യാലയവർഷം പുതുമകളുടെ പൂക്കാലം

**ഇഗ്നേഷ്യസ് തോമസ്**

പുതുവിദ്യാലയവർഷം, പുതുമകളുടെ വസന്തം വിരിയിക്കുകയാണ്. വീടുകൾ വിദ്യാലയമായി മാറുന്ന കാഴ്ച നാം കാണുന്നു. പ്രവേശനോത്സവം വീടുകളിൽ തന്നെ നടക്കുന്നു. പാഠപുസ്തകങ്ങൾ അധ്യാപകർ വീടുകളിൽ എത്തിച്ച വിസ്മയകരമായ കാഴ്ചകളും ഈ അധ്യയനമാരംഭത്തിൽ നാം കൗതുകത്തോടെ കണ്ടു. മങ്കൊമ്പ് മണപ്പള്ളി പാടശേഖരത്തിന് നടുവിൽ താമസിക്കുന്ന അഖിലിനും കുടുംബത്തിനും വെള്ളപ്പൊക്കം മൂലം പുറത്തിറങ്ങാനാവാത്ത അവസ്ഥയിൽ പ്രധാനാദ്ധ്യാപിക ട്രീസാ ജെ. നെറ്റോ റ്റീച്ചർ ഒന്നാം ക്ലാസിലെ പാഠപുസ്തകങ്ങൾ അഖിലിന്റെ വീട്ടിൽ വള്ളത്തിലെത്തി കൈമാറുന്ന കാഴ്ച നമ്മിൽ കൗതുകമുണർത്തി. കുട്ടികൾ ഭവനത്തിൽ നിന്ന് വിദ്യാലയത്തിലേക്ക് എന്നതിന് ബദലായി അധ്യാപകർ കുട്ടികളെ തേടി സ്കൂളിൽ നിന്ന് വീട്ടിലേക്ക് ചെല്ലുന്ന കാഴ്ച നമുക്കിന്ന് പരിചിതമായി കഴിഞ്ഞു.

സ്വന്തമായി യുട്യൂബ് ചാനൽ തുടങ്ങി സ്വന്തം പാഠഭാഗങ്ങളുമായി കോട്ടൺഹിൽ സ്കൂളിലെ ഉമക്കുട്ടി ടീച്ചറായി മാറിയ കാര്യവും നാം വായിച്ചറിഞ്ഞു. മുക്കാൽ ലക്ഷത്തിലേറെ വരിക്കാരും 80 ലക്ഷത്തിലേറെ കാഴ്ചക്കാരുമായി ഉമ എന്ന പെൺകുട്ടി ചരിത്രം രചിക്കുകയാണ്. അധ്യാപകരുടെ മുഖവും ശബ്ദവും വെർച്വൽ പ്ലാറ്റ്ഫോമിലൂടെയും സ്മാർട്ട് ഫോണിലൂടെയും കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടുള്ള പഠനസമ്പ്രദായം ഈ കോവിഡ് കാലത്ത് കുട്ടികൾ പരിചയിച്ചു കഴിഞ്ഞു. ഇതുകൂടാതെ വിക്ടേഴ്സ് ചാനലിലെ ക്ലാസുകളും കുട്ടികൾ പ്രയോജനപ്പെടുത്തി വരുന്നു. തിരുവനന്തപുരം അതിരൂപതയിലെ ലൂർദ്ദുപുരം സെന്റ് ഹെലൻസ് ഹൈസ്കൂളിലെ അധ്യാപിക വി.എൽ. നിഷ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യപ്പെട്ട നാൽപ്പതോളം ക്ലാസുകൾ ഫസ്റ്റ് ബല്ലിന്റെ ഭാഗമായി എടുത്ത് ശ്രദ്ധ നേടി.

വീടുകളെ വിദ്യാലയങ്ങളാക്കി മാറ്റുന്ന കാഴ്ച കോവിഡ് നാളുകളിൽ കൗതുമല്ല. സ്കൂളിനെ വീടാക്കി മാറ്റിയ സഞ്ജനയുടെ കഥ കൗതുകകരമായി നമുക്ക് തോന്നാം. എന്നാൽ വലിയതുറ ഗവ. യുപിഎസ് വിദ്യാർഥിക്ക് വീടെന്നാൽ സ്കൂളാണ്. 24 മണിക്കൂറും സ്കൂളിൽ തന്നെ താമസിക്കാനാണ് വിധി. വീട് കടൽക്ഷോഭത്തിൽ തകർന്നപ്പോൾ മത്സ്യത്തൊഴിലാളിയായ പിതാവ് ബിജുവിനും അമ്മ സൂസിക്കുമൊപ്പം സ്കൂളിൽ ജീവിച്ച് പഠിക്കുകയാണ് സഞ്ജന. 36 കുടുംബങ്ങളാണ് ഇവിടെ പാർക്കുന്നത്. സഞ്ജനയോടൊപ്പം ഇവിടെയുള്ള കുട്ടികളും പുതുവിദ്യാലയവർഷത്തിൽ ഓൺലൈ

**മികച്ച സാങ്കേതിക പിന്തുണയിൽ സമ്പന്നരുടെ മക്കൾക്ക് മികച്ച സൗകര്യങ്ങൾ ലഭ്യമാകുമ്പോൾ ഗ്രാമീണ, ഗോത്രവർഗ, തീരദേശ മേഖലകളിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകാതെ വരുന്നു**



നായി പഠനമാരംഭിക്കുകയാണ്.

ഓൺലൈൻപഠനം ആരംഭിക്കുമ്പോഴും ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും മുറുമുറുപ്പുകളാണ് ചിലയിടങ്ങളിൽ നിന്ന് ഉയരുന്നത്. സാങ്കേതിക സംവിധാനങ്ങളുടെ ധാരാളിത്തം, ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, സ്മാർട്ട്ഫോണുകൾ, കണക്ടിവിറ്റി സൗകര്യങ്ങളുടെ ലഭ്യത, മികച്ച സാങ്കേതിക പിന്തുണ എന്നിവയിൽ നഗരങ്ങളിലെ സമ്പന്നരായവരുടെ മക്കൾക്ക് മികച്ച സൗകര്യങ്ങൾ ലഭ്യമാകുമ്പോൾ ഗ്രാമീണ, ഗോത്രവർഗ, തീരദേശ മേഖലകളിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകാതെ വരുന്നു. ഡിജിറ്റൽ ഡിവിഷൻ എന്നൊരു പുതിയ വിഭജനം കൂടി സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന ഒരവസ്ഥ സംജാതമായിത്തീരുന്നു. ഇത് ഗുരുതരമായ സാമൂഹ്യ അസ്വസ്ഥതകൾക്ക് കാരണമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല.

പ്രവേശനോത്സവത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ വേണ്ടി ഇടുക്കി പതിപ്പള്ളി സ്കൂളിലെ അധ്യാപികയായ ഗീതുമോൾ ടീച്ചർ റേഞ്ചില്ലാത്തതിനാലും സ്മാർട്ട് ഫോൺകുട്ടികൾക്കില്ലാത്തതിനാലും സ്കൂളിന്റെ സമീപത്തെ ഏതാനും കുട്ടികളെകൂട്ടി ഒരു കുന്നിന് മുകളിലെത്തിച്ച് സ്വന്തം സ്മാർട്ട് ഫോണിലൂടെ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിച്ചു എന്ന വാർത്ത നാം വായിച്ചിരുന്നു. കഴിഞ്ഞ അധ്യയനവർഷാരംഭത്തിൽ ടിവിയോ സ്മാർട്ട് ഫോണോ ഇല്ലാത്ത രണ്ടരലക്ഷം കുട്ടികൾ സംസ്ഥാനത്തുണ്ടായിരുന്നു. സുമനസ്സുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജനപ്രതിനിധികളും ചേർന്ന് നിരവധി കുട്ടികൾക്ക് സ്മാർട്ട് ഫോണുകളും ടിവിയും വാങ്ങി നൽകി. അപ്പോഴും കണക്ടിവിറ്റി ഗ്രാമീണ മേഖലയിൽ പ്രശ്നമായി അവശേഷിച്ചു. സ്മാർട്ട് ഫോൺ ലഭ്യമായ കുട്ടികൾ അനേകം കിലോമീറ്റർ റെയ്ഞ്ച് ലഭിക്കാനായി യാത്ര ചെയ്യേണ്ടിവന്ന ദുർഗതിയുണ്ടായി. ഒരേസമയം ഒരു വീട്ടിലെ ഒന്നിലധികം കുട്ടികൾക്ക് ഏക ഫോൺ ആശ്രയിക്കേണ്ടിവരുന്നതും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് സാമ്പത്തിക ബാധ്യതകളാൽ നട്ടം തിരിയുന്ന രക്ഷാകർത്താക്കൾക്ക് ഒന്നിലധികം സ്മാർട്ട് ഫോണുകൾ കരസ്ഥമാക്കാനുള്ള ബുദ്ധിമുട്ടുകൾ ഊഹിക്കാവുന്നതേയുള്ളൂ.

ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ അധ്യയനരംഗത്ത് വർണക്കാഴ്ചകളും അത്ഭുതങ്ങളും സൃഷ്ടിക്കാനാവും. എന്നാൽ അധ്യാപകരുടെ സാമീപ്യവും നിരീക്ഷണവും തിരുത്തലുകളും പ്രോത്സാഹനവും പിന്തുണയും ഇല്ലാതെ ആരോഗ്യകരമായ അധ്യയനം എങ്ങനെ സാധ്യമാകും എന്ന ചോദ്യത്തിന് ഡിജിറ്റൽ വിദഗ്ധന്മാർക്ക് ഉത്തരം നൽകാനാവുന്നില്ല.

വിദ്യാർഥികളുടെ വിരസമായ പഠനരീതിയായി ഡിജിറ്റൽ, ഓൺലൈൻ പഠനം മാറാതിരിക്കട്ടെയെന്ന് അധ്യാപകരും മാതാപിതാക്കളും ആഗ്രഹിക്കുന്നു. അധ്യാപക പിന്തുണയോടെയുള്ള പരമ്പരാഗത പഠനരീതി വീണ്ടും സമാഗതമാകുന്ന കാലം പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം. ■




**ഭൂമി മുഴുവൻ കീഴടക്കിയും വഴങ്ങാത്ത എന്തിനേയും ആവേശപൂർവം തച്ചുടച്ചുമുള്ള ഭൂതകാലമാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്. പലപ്പോഴും പ്രകൃതിക്ക് മേലുള്ള വിജയവും വെന്നിക്കൊടിപാറിക്കലുമായി മനുഷ്യൻ സായൂജ്യമടയുമെങ്കിലും ആത്യന്തിക വിജയം നേടുന്നതെപ്പോഴും പ്രകൃതി തന്നെയായിരിക്കും. അതാണ് പ്രകൃതിയുടെ വികൃതി.**

# ആർത്തിക്ക് അറുതിയുണ്ടോ?

**എ. അനിൽകുമാർ, അഞ്ചുതെങ്ങ്**

ദൈവം ആറ് ദിവസം കൊണ്ട് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ച് ഏഴാം ദിവസം വിശ്രമിച്ചു എന്നാണ് വിശുദ്ധ ബൈബിൾ നമ്മോട് പറയുന്നത്. ഒന്നാലോചിച്ചാൽ ദൈവം വിശ്രമിച്ചിരിക്കുമോ? ഇല്ലെന്ന് വേണം കരുതാൻ. ദൈവം തന്റെ സൃഷ്ടിയിൽ ഓരോന്നിന്റെയും വിസ്മയകരവും ഉൽകൃഷ്ടവും അനിർവചനീയവുമായ ദൃശ്യാനുഭൂതിയൽ കോരിത്തരിച്ചിരിക്കണം. അതിനെ വിശ്രമമെന്ന് പറയാമെങ്കിൽ അത് ശരിയാണ്. ഇന്ന് ലോകത്ത് ടി. വി. യിലുടെയും കംപ്യൂട്ടറിലൂടെയും മൊബൈലിലൂടെയും ലോകകാഴ്ചകൾ ചടഞ്ഞിരുന്ന് ആസ്വദിച്ച് വിശ്രമിക്കുന്ന ആധുനിക മനുഷ്യനെ പോലെയായിരിക്കാൻ ഇടയില്ലെന്ന് മാത്രം. പിന്നയൊ, ഈറ്റു നോവനുഭവിച്ച് പ്രസവിച്ച ശേഷം തന്റെ ഉണ്ണിയെക്കാണുന്ന മാതാവിന്റെ വാത്സല്യത്തോടെയോ, ഭാര്യയെ പ്രസവമുറിയിൽ കയറ്റിയ നേരം മുതൽ പിരിമുറുക്കം അനുഭവിച്ച് ഉണ്ണിയെ ആദ്യമായി കണ്ട് സായൂജ്യമടയുന്ന പിതാവിനെ പോലെയോ ആവണം ദൈവം തന്റെ മക്കളായ സൃഷ്ടികളെ ഓരോന്നിനെയും വിശ്രമ ദിനത്തിൽ കണ്ടിട്ടുണ്ടാവുക. ദൈവം സൃഷ്ടിച്ച ഓരോ ജീവജാലത്തേയും സംരക്ഷിക്കേണ്ട കടമകൂടി ദൈവത്തിന്റെ ഛായയിൽ ജന്മമെടുത്ത മനുഷ്യനുണ്ട്. ആദി മാതാക്കളായ ആദവും ഹൗവ്വയും ദൈവത്തിന് നൽകിയ ഉറപ്പും അവരുടെ പിൻമുറക്കാരായ നാം സൗകര്യപൂർവം മറന്നതാണ് ഭൂമിയുടെ ഈ അവസ്ഥയ്ക്ക് കാരണം. പറഞ്ഞു വന്നത് ഭൂമുഖത്ത് മനുഷ്യന്റെ പെരുപ്പം കൂടുന്നതനുസരിച്ച് ഭൂമിയുടെ നാശവും ശോഷണവും വർദ്ധിച്ചു വരുന്നു എന്നതിലേക്കാണ്. 'ലോക പരിസ്ഥിതി ദിനത്തിൽ (ജൂൺ അഞ്ച്) ആ വാഗ്ദാനത്തെ കുറിച്ച് മനുഷ്യൻ ഓർക്കുന്നത് ഉചിതമാണ്. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ആപ്തവാക്യം ഭാരത സംസ്കൃതിയുടെ ഭാഗമായിത്തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. നിർഭാഗ്യവശാൽ, ഈ ഇന്ത്യയിൽ തന്നെയാണ് പ്രകൃതി നാശവും അതിന്റെ ശോഷണവും ലോകത്ത് ഏറ്റവും കൂടുതൽ നടമാടുന്നതെന്ന യാഥാർത്ഥ്യവും നാം വിസ്മരിച്ചുകൂട. അതും പ്രകൃതിയെ ദൈവമായി കാണുന്ന ഈ ഭാരതത്തിൽ.

അതുകൊണ്ട് തന്നെ ഈ ദിനത്തിൽ ഇന്ത്യാക്കാരായ നാം ആദ്യം ഓർക്കേണ്ട നാമം, ഈയിടെ അന്തരിച്ച (സ്വാതന്ത്ര്യ സ

മര സേനാനിയും, ചിപ്‌കോ പ്രസ്ഥാന നേതാവും, പ്രമുഖ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ മുൻനിര പോരാളിയുമായ പത്മവിഭൂഷൺ) സുന്ദർലാൽ ബഹുഗുണ എന്ന മഹാനെയാണ്. വനവൃക്ഷങ്ങൾ മുറിക്കുന്നതിന് കോൺട്രാക്ടർമാരെ അനുവദിക്കുന്ന ഉത്തർ പ്രദേശ് സർക്കാരിന്റെ നയത്തിനെതിരെ കർഷകരും ഗ്രാമീണരും ഒരുമിച്ച് ചേർന്ന് നടത്തിയ അക്രമരഹിത സമരമാണ് ചിപ്കോ സമരം. അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ഒരു സംരക്ഷണ പദ്ധതിയുടെ മികച്ച ഉദാഹരണമാണത്. ചിപ്കോ എന്ന വാക്കിന്റെ അർത്ഥം ഒട്ടിനിൽക്കുക, ചേർന്നു നിൽക്കുക എന്നതാണ്. ആഗോള താപനത്തിന്റെ ഫലമായി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിലൂടെ പ്രകൃതി നമ്മോട് പറയുന്നത്, പരിസ്ഥിതിയാണ് നമ്മുടെ സമ്പത്ത് എന്നാണ്. ബഹുഗുണയെന്ന പരിസ്ഥിതി സംരക്ഷകനും അദ്ദേഹത്തിന്റെ അനുയായികൾക്കും ഭാരതപ്രകൃതിക്കു വേണ്ടി സംരക്ഷണ കവചമൊരുക്കാൻ ഒരു അധികാരിയുടേയോ സർക്കാരിന്റെയോ സഹായമോ സംഭാവനയോ ഇല്ലായിരുന്നു. ഉണ്ടായിരുന്നതോ സമാന മനസ്കരായ ഒരു കൂട്ടം നല്ല മനുഷ്യരുടെ സ്നേഹവും കൂട്ടായ്മയുമായിരുന്നു. ആ കൂട്ടായ്മയിൽ കുട്ടികൾ മുതൽ സ്ത്രീകൾ വരെയുള്ളവരുടെ വലിയ പിന്തുണയും സഹകരണവും ഉണ്ടായിരുന്നു. അദ്ദേഹത്തെ പോലെതന്നെ അന്തരിച്ച പക്ഷി നിരീക്ഷകൻ കൂടിയായ സലിം അലി. ഇപ്പോഴും സജീവമായി പരിസ്ഥിതി സംരക്ഷണ പ്രവർത്തനം നടത്തുന്ന പ്രശസ്തർ ഇനിയുമേറെയുണ്ട്. അവരിൽ ചിലർ മേധാപഠ്ക്കർ, വന്ദനാ ശിവാ, മാധവ് ഗാഡ്ഗിൽ, എം.എസ്. സ്വാമിനാഥൻ, അനിൽ അഗർവാൾ എന്നിവർ.

പ്രകൃതിഭംഗി ആസ്വദിക്കുകയും അതിന്റെ മർമ്മരം കേൾക്കുകയും ചെയ്യുമ്പോൾ, മനുഷ്യർ ചിട്ടപ്പെടുത്തിയ ചിട്ടവട്ടങ്ങളൊന്നും പ്രകൃതിയാകുന്ന സംഗീത ശബ്ദങ്ങൾക്കുണ്ടാകണമെന്നില്ല. ചിലപ്പോഴൊക്കെ നമ്മുടെ മഹാസംഗീതജ്ഞന്മാർ ഉണ്ടാക്കിയതിനെക്കാൾ മഹത്തായ രാഗങ്ങൾ പ്രകൃതിയിൽ നിന്ന് കേട്ടെന്നുമിരിക്കും. അപ്പോഴും നമ്മൾ നമ്മുടെ മഹാന്മാരായ സംഗീതജ്ഞർ ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ നൂല് പിടിച്ചാണ് പ്രപഞ്ച സംഗീതത്തെ വിലയിരുത്തുന്നത്. ഇതുപോലെയാണ് എല്ലാം, മനുഷ്യൻ വരയ്ക്കുന്ന വരയിൽ നിൽക്കണമെന്ന നിർബന്ധം. അതു ശരിയാണോ ? എന്ന് ആധുനിക മനുഷ്യൻ ആത്മ പരിശോധന നടത്തുമ്പോൾ തീരാവുന്നതെയുള്ളു. ലക്ഷക്കണക്കിന് ജനുസുകളിൽ ഒന്നുമാത്രമായ മനുഷ്യന്റെ അളവുകോലു വച്ച് പ്രകൃതിയെ അളക്കാൻ ശ്രമിക്കുന്നതാണ് മനുഷ്യന്റെ പരാജയം. എല്ലാത്തിനെയും ഉൾക്കൊള്ളുന്ന ഒരു ഭാവമാണ് ഈ ഭൂമിക്കുള്ളത്. ആ രീതിയിൽ നോക്കുമ്പോൾ മർത്യന് കുറഞ്ഞ പക്ഷം മനുഷ്യത്വം എന്ന ഗുണമുണ്ടായാൽ തന്നെ ധാരാളം. പക്ഷേ, അത് മറ്റു ജീവജാലങ്ങളോട് കാണിച്ചില്ലെങ്കിലും കുറഞ്ഞ പക്ഷം സഹജീവികളോടെങ്കിലും കാണിക്കാൻ മാനവൻ തയ്യാറാവണം. അല്ലെങ്കിൽ 'ഇനിയും മരിക്കാത്ത ഭൂമി നിന്നാസ്സന്ന മൃതിയിൽ നിനക്കാത്മ ശാന്തി, ഇതു നിന്റെയും ചരമ ശുശ്രൂഷയ്ക്കായി ഹൃദയത്തിലെന്നേ കുറിച്ച ഗീതം' എന്ന് മലയാളത്തിന്റെ പ്രിയ കവി ഒ. എൻ. വി. കുറുപ്പിനെ പോലെ നമുക്കും മനസ്സിൽ കുറിക്കേണ്ടി വരും, ഭൂമിയുടെയും നമ്മുടെയും മൃത്യു ഗീതം.



ഈ മണ്ണിൽ ജന്മമെടുക്കുകയും മണ്ണിന്റെ ഉപരിതലത്തിൽ ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ് ഒരിക്കൽ അതിൽ അലിഞ്ഞില്ലാതാവുകയും ചെയ്യേണ്ട മനുഷ്യൻ, ആ മണ്ണിൽ നട്ടും മണ്ണിൽ നിന്നെടുത്തും പിന്നീടൊരുദിനം മർത്ത്യനാൽ മണ്ണിൽ നിന്ന് പിഴുതെറിയപ്പെടുന്ന ജൈവീക ഘടനയാണ് വൃക്ഷങ്ങളുടേത്. ഈ വൃക്ഷങ്ങളടക്കമുള്ള കോടാനുകോടി ജീവജാലങ്ങളെ സ്വാർത്ഥമോഹങ്ങൾക്കായി പല തലത്തിൽ ചൂഷണത്തിന് വിധേയമാക്കിയും അവസാനം പൂർണമായി നാശത്തിന് വിട്ടുകൊടുത്തും തിരിഞ്ഞ് നോക്കുമ്പോൾ കാലിനടിയിലെ മണ്ണൊലിച്ചു പോയി നിലം തല്ലി വീഴുന്ന വൃക്ഷം കണക്കെ ഒടുവിൽ നിലയറ്റു വീണ് മണ്ണടിയുന്ന നരന്റെ ദുരവസ്ഥക്ക് കാരണം അവന്റെ ഒരിക്കലും അടങ്ങാത്ത ദുർമോഹം തന്നെയാണ്. ഇത്തരക്കാരെ ഓർത്താവാം നമ്മുടെ രാഷ്ട്ര പിതാവായ ഗാന്ധിജി പറഞ്ഞത് ' ഈ ഭൂമുഖത്തുള്ള സകലർക്കും ആവശ്യത്തിനുള്ളതു

**കടലിനോട് മനുഷ്യൻ ചെയ്യുന്ന ക്രൂരത അതികഠിനമായി തുടരുന്നു. രാവിന്റെ മറവിൽ എന്തും തള്ളാനും വലിച്ചെറിയനുമുള്ള ഇടമായി ജലാശയങ്ങളെ പ്രയോജനപ്പെചുത്താമെന്ന അവൻ കണ്ടെത്തി. അതിന്റെ ഭാഗമായി വ്യദ്ധരായ മാതാപിതാക്കൾ ഉൾപ്പെടെ എല്ലാം വലിച്ചെറിയാമെന്ന സംസ്കാരവും പേറി നടക്കുന്നവരുടെ ഈ കാലത്ത്, അതിന്റെ ഏറ്റവും വലിയ ഭവിഷ്യത്ത് ഏറ്റുവാങ്ങുന്നത് നമ്മുടെ കടലമ്മയാണ്.**

ഈ ഭൂവിലുണ്ട്, എന്നാൽ ആർത്തി ക്കൊട്ട് ഇല്ല താനും.' ഒരാൾ പ്രകൃതി യോട് ആർത്തി കൂട്ടുമ്പോൾ അതിന് അവകാശപ്പെട്ട പത്തോളം പാവങ്ങളു ടെ അനുഭവയോഗം നഷ്ടപ്പെടുന്നു. അവർ കൃഷി ചെയ്യാൻ സ്ഥലമില്ലാതെ കേറിക്കിടക്കാനിടമില്ലാതെ വലയുന്നു.

ഭൂമി മുഴുവൻ കീഴടക്കിയും വഴ ങ്ങാത്ത എന്തിനേയും ആവേശപൂർ വം തച്ചുടച്ചുമുള്ള ഭൂതകാലമാണ് ഇ ന്ന് നമുക്ക് മുന്നിലുള്ളത്. പലപ്പോഴും പ്രകൃതിക്ക് മേലുള്ള വിജയവും വെ ന്നിക്കൊടിപ്പാറിക്കലുമായി മനുഷ്യൻ സായൂജ്യമടയുമെങ്കിലും ആത്യന്തിക വിജയം നേടുന്നതെപ്പോഴും പ്രകൃ തി തന്നെയായിരിക്കും. അതാണ് പ്ര കൃതിയുടെ വികൃതി.

കാട് എന്നും ആരെയും ഭ്രമിപ്പി ക്കുന്ന ഒന്നാണ്. അതിലെ സസ്യജാ



ലങ്ങളും വിവിധ വർണ സൗരഭ്യമാർ ന്ന പൂക്കളും, അതിനെ ചുറ്റിപ്പറക്കു ന്ന കരി വണ്ടുകളും ചിത്രശലഭങ്ങ ളും, തലയെടുപ്പുള്ള ഒറ്റയാൻ ഉൾപ്പെ ടെയുള്ള മൃഗങ്ങളും അവയുടെ ഒച്ച കളും, വൈവിധ്യമാർന്ന കിളികളുടെ കളകൂജനങ്ങളും, കാടകത്തെ പച്ചപ്പ ണിയിച്ച്, ഇരുകരകളെയും തഴുകി യൊഴുകുന്ന കാട്ടരുവികളുടെ കളക ളാരവവുമൊക്കെ മനുഷ്യനെ മോഹി പ്പിക്കുന്ന പ്രതീകങ്ങളാണ്. പക്ഷേ, ന നവുള്ള കാടകവും സംതൃപ്തരായ ആദിവാസികളെയുമല്ല ഇന്ന് നമുക്ക വിടെ കാണാൻ കഴിയുന്നത്. അറി ഞ്ഞുകൊണ്ട് മനുഷ്യൻ സൃഷ്ടിച്ച ഇ ടപെടലുകളുടെ ഫലമായി ഉണ്ടായ പ്രതിസന്ധികളിൽ ഉഴറുകയാണ് ഈ കാനന ജീവികളൊന്നാകെ. എങ്ങും വരണ്ടുണങ്ങിയ മരുഭൂമിയും മൊട്ട ക്കുന്നുകളും വറ്റിവരളുന്ന നീരുറവക ളും കരയേറ കവരുന്ന കടലിന്റെ രൗ ദ്രതയേയുമാണ് സമീപസ്ഥമായി ന മുക്ക് കാണാൻ കഴിയുന്നത്.

കടലിനോട് മനുഷ്യൻ ചെയ്യുന്ന ക്രൂരത അതികഠിനമായി തുടരുന്നു. രാവിന്റെ മറവിൽ എന്തും തള്ളാനും വലിച്ചെറിയനുമുള്ള ഇടമായി ജലാ ശയങ്ങളെ പ്രയോജനപ്പെചുത്താമെ ന്ന അവൻ കണ്ടെത്തി. അതിന്റെ ഭാ ഗമായി വൃദ്ധരായ മാതാപിതാക്കൾ ഉൾപ്പെടെ എല്ലാം വലിച്ചെറിയാമെന്ന സംസ്കാരവും പേറി നടക്കുന്നവരു ടെ ഈ കാലത്ത്, അതിന്റെ ഏറ്റവും വലിയ ഭവിഷ്യത്ത് ഏറ്റുവാങ്ങുന്നത് നമ്മുടെ കടലമ്മയാണ്. കാരണം, എ ല്ലാ മാലിന്യവും അവസാനമെത്തുന്നി ടം കടലുതന്നെയാണ്. ഈ അടുത്ത കാലത്ത് കേരളമൊട്ടാകെ നാശം വി തച്ച ടൗട്ടെ ചുഴലിക്കാറ്റിന്റെ ബാക്കി പത്രം പോലെ ഒരു പടം പത്രത്തിൽ കണ്ടിരിന്നു. തിരുവനന്തപുരം ജില്ല യിൽ പൂന്തുറ പ്രദേശത്ത് അതിശക്ത മായ കടലേറ്റത്തിന്റെ ഫലമായി തീ രദേശ റോഡും വീടും പരിസരവും വെ റും പ്ലാസ്റ്റിക് കുപ്പികളുൾപ്പെടെയുള്ള മാലിന്യങ്ങൾ കൊണ്ട് മൂടിയ ചിത്ര വും അതിനിടയിൽ മാലിന്യം വൃത്തി യാക്കിയ ചിത്രവും കണ്ടു. അറി ഞ്ഞോ അറിയാതയോ നാമുൾപ്പെടെ യുള്ള മനുഷ്യർക്ക് പ്രകൃതിയോട് ഇ ത്രയും ക്രൂരത കാട്ടാൻ കഴിയുന്നല്ലോ എന്നോർത്ത് തല താഴ്ന്നു പോയ നി മിഷം. അതിനോടൊപ്പം തന്നെ ഈ മാലിന്യങ്ങളോട് സമരസപ്പെട്ട് ജീവി ക്കേണ്ട കടലിനുള്ളിലെ മത്സ്യങ്ങളട ക്കമുള്ള ജീവികളുടെ ജീവിതം സ ങ്കീർണമാണ്. എന്നാൽ അതിനെ ക്കാൾ കലുഷിതമാണ് അതുമായി ബ ന്ധപ്പെട്ട് ജീവിക്കുന്ന മത്സ്യത്തൊഴു ലാളികളുടെ അവസ്ഥ. അശാസ്ത്രീ യമായ തുറമുഖ നിർമ്മാണങ്ങളുടെ ഫലമായി തീരജനത അവർക്കാകെ യുള്ള ഒരു തുണ്ടു ഭൂമിയും കിടപ്പാട വും നഷ്ടപ്പെട്ട് പൊതുവേ അരക്ഷി തരാണ്. സ്ഥിരമായുണ്ടാകുന്ന കാല വർഷത്തിന് പുറമേ, അപ്രതീക്ഷിത മായി ഉണ്ടാകുന്ന ഓരോ ന്യൂനമർദ്ദ ത്തിന്റെയും വരവ് തീരത്തെ വലിയ ആശങ്കയിലാഴ്ത്തുന്നു. ഒപ്പം പട്ടിണി യും പരിവട്ടവും കൊണ്ട് ഉഴലുന്നവ രുടെ മേൽ, ഇടിത്തീ പോലെ വന്നു ഭവിക്കുന്ന ഈ പ്രതിഭാസങ്ങൾ, അ വരുടെ ആവാസ വ്യവസ്ഥയെ തന്നെ ചോദ്യം ചെയ്യുന്നു എന്നത് ജീവിത ത്തിന്റെ നേരനുഭവങ്ങളാണ്.

ചുരുക്കത്തിൽ, ഒന്നിനോടും കല ഹിക്കാതെ എല്ലാത്തിനോടും സമര സപ്പെടുന്ന ഒരു ജീവിതം പ്രദാനം ചെയ്യാൻ ആർക്കുമാവില്ലെന്നറിയാം. എങ്കിലും അണ്ണാൻ കുഞ്ഞിനും ത ന്നാലായത് എന്ന കണക്കെ പരിസ്ഥി ക്കൊരു കൈത്താങ്ങെന്ന രീതിയിൽ നമുക്ക് ചെയ്യാൻ പലതുണ്ട്. അത് ചിലപ്പോ, വഴിയോരത്തോ പൊതുവി ടത്തോ ഒരു വൃക്ഷത്തെ നടലാകാം, ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതാവാം, പൊതുവായ ശുചീ കരണ പ്രക്രിയ ഏറ്റെടുക്കുന്നതാവാം, മഴക്കുഴി നിർമ്മിക്കുന്നതാം, കടലോരം ശുചീകരിക്കുന്നതാവാം അങ്ങനെയു ള്ള ചിലത് ഈ പരിസ്ഥിതി ദിനത്തിൽ ചെയ്യാൻ കഴിയുന്നവയാണ്. പക്ഷേ, ഈ മഹാമാരിക്കാലത്ത് യോജിച്ച് ഇ ത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടു ന്നത് ഗുണത്തെക്കാൾ ഏറെ ദോഷം ചെയ്തേക്കാം. അതിനാൽ ഇതിൽ നി ന്ന് മുക്തമായ ശേഷം നമ്മുടെ പോറ്റ മ്മയ്ക്കായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാം. അതുവരെ കോവി ഡ് മഹാമാരിയിൽ കഷ്ടപെടുന്ന ന മ്മുടെ സഹോദരങ്ങൾക്ക് കൈത്താ ങ്ങായി കൂട്ടമറ്റ് പ്രവർത്തിക്കുന്നതും ഇ ത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയ മാണ്. ■



# പരിമിതികളെ അതിജീവിക്കാം

**ഡോ. ഫാ. എ.ആർ. ജോൺ**

വി. ഫിലിപ്പ് നേരി ഉഗ്രകോപമുള്ള ഒരു വ്യക്തിയായിരുന്നു. ഈ സ്വഭാവം തനിക്കോ മറ്റുള്ളവർക്കോ തന്റെ ആത്മീയതയ്ക്കോ ഒരു ഗുണവും ചെയ്യുന്നില്ല എന്ന് മാത്രമല്ല. അത് കാരണം എല്ലാ നന്മകൾക്കും അത് വലിയ മങ്ങലേല്പിക്കുന്നു എന്ന് ഫിലിപ്പ് നേരിക്കു തോന്നി. ചാപ്പലിൽ പ്രവേശിച്ച് തന്റെ ഈ ദുഷിച്ച സ്വഭാവത്തിൽ നിന്നും വിടുതൽ നൽകണമെന്ന് പ്രാർത്ഥിച്ച് ദൃഢപ്രതിജ്ഞയോടും പ്രത്യാശയോടും കൂടെ അദ്ദേഹം പുറത്തിറങ്ങി. അപ്പോൾ തന്റെ ഏറ്റവും നല്ല സുഹൃത്ത് ഫിലിപ്പ് നേരിയ്ക്കു നേരെ കയർത്തു. ഫിലിപ്പ് നേരിയും തിരിച്ച് കാര്യമായിത്തന്നെ ദേഷ്യപ്പെട്ടു. നിരാശിതനായ നേരി ഒരു ബലഹീനനെപ്പോലെ തിരിച്ച് ചാപ്പലിൽ പ്രവേശിച്ച് സാഷ്ടാംഗം വീണ് യാചിച്ചു: "ദൈവമേ, ഞാനെന്താ ഇങ്ങനെ? ദേഷ്യത്തിൽ നിന്നും വിടുതൽ വേണമെന്ന് ഞാൻ യാചിച്ചതല്ലേ? പിന്നെയും...

ക്രിസ്തു മറുപടി നൽകി: "ശരിയാണ് മകനേ, അതുകൊണ്ട് തന്നെ നിനക്ക് ക്ഷമ പരിശീലിക്കാൻ ഞാൻ കൂടുതൽ അവസരമൊരുക്കുകയാണ്."

ചില കുറവുകൾ നിഴലുകളാണ്, വെളിച്ചത്തിലും നിഴലായിത്തന്നെയുണ്ടാകും. വെളിച്ചം എത്രകണ്ട് ശക്തമോ അത്രകണ്ട് നിഴലും. അതിനാൽ വെളിച്ചം ആഗ്രഹിക്കുന്നവന് നിഴൽ നിരാശ നൽകുന്നത് തികച്ചും സ്വാഭാവികമാണ്.

കുറവുകളെയും പരിമിതികളെയും അതിജീവിക്കാൻ എന്താ വഴി? അവബോധമാണ് ആദ്യ വഴി. ഇന്നലെകളുടെയും ഇന്നിന്റെയും രീതികളിൽ നിന്നും ക്രമങ്ങളിൽ നിന്നും മുക്തിനേടണമെങ്കിൽ അവബോധം അനിവാര്യമാണ്. നിഴലായുള്ള മേഖലകളെ കണ്ടെത്തുക. വളർച്ചയ്ക്കുവേണ്ടിയുള്ള ഏതു തീരുമാനവും പ്രയത്നവും എല്ലാ ഘട്ടത്തിലും അമൂല്യമാണ്. അതിനാൽ വളർച്ച സാധ്യമാക്കാൻ വളരേണ്ട മേഖലകളെക്കുറിച്ച് അറിവും ബോധ്യവും വേണം. ഒരു കൊച്ചു പേപ്പറിൽ എഴുതുക തന്നെ വേണം. ഏതെല്ലാമാണ് എന്നിലെ വേണ്ടാത്തവയെന്ന്!

പരിമിതികളെ അതിജീവിക്കാൻ സ്വയം മതിപ്പും സ്വയം കുതിപ്പും അനിവാര്യമാണ്. ചിലർക്ക് ചെറിയ അപവാദം തന്നെപ്പറ്റി കേൾക്കേണ്ട താമസം തൊട്ടാവാടിപോലെ ഇലയും തണ്ടും തളർന്നുപോകും. അങ്ങനെ വേണ്ട. സംതൃപ്തിയോടെ, നിറവോടെ ജീവിതത്തിൽ മുന്നോട്ടുപോകാൻ സ്വന്തം ബലത്തിലും ദൈവശക്തിയിലും വിശ്വസിക്കുകയും ആശ്രയിക്കുകയും വേണം. മറ്റുള്ളവർ എന്നെക്കുറിച്ച് എന്ത് പറയുന്നു എന്നതിലാശ്രയിച്ചാണോ എന്റെ സംതൃപ്തി ഇരിക്കുന്നത്?

ഇവിടെ തീരുമാനങ്ങളും തെരഞ്ഞെടുപ്പുകളും പ്രധാനമാണ്. നമ്മെ അനുദിനം പക്വതയിലേക്കും വളർച്ചയിലേക്കും നയിക്കുന്ന സംഗതികളാണിവ; ചിന്തയെപ്പറ്റി പെരുമാറ്റത്തെപ്പറ്റി സംസാരത്തെപ്പറ്റി തെരഞ്ഞെടുപ്പുകൾ ഓരോ സമയവും എടുത്ത് മുന്നോട്ടുപോകണം.

നമ്മുടെ സിദ്ധികളെക്കുറിച്ചുള്ള ജ്ഞാനം പരിമിതികളെ അതിജീവിക്കാൻ ആവശ്യമാണ്. അവ നമ്മിലെ ശക്തികളാണ്. അതിനെ ആശ്രയിച്ചു വേണം കുറവുകളിൽ നിന്നും മോചനം നേടാൻ. ശരീരത്തിന്റെയും ബോധ്യങ്ങളുടെയും ആത്മീയതയുടെയും ശക്തി ഉപയോഗിച്ച് മനസ്സിനെ സ്വതന്ത്രമാക്ക

ണം. മനസ്സ് സ്വതന്ത്രമാകാത്തിടത്തോളം കാലം നാം അടിമകളാണ്. പലതിന്റെയും പലരുടെയും.

സത്യത്തെ അഭിമുഖീകരിക്കുക എന്നത് ഒരു വലിയ ദൗത്യമാണ്. എന്നിൽ തിരിച്ചറിയാത്ത, ഞാൻ ഇഷ്ടപ്പെടാത്ത ചില ഭാവങ്ങളും ഭാഗങ്ങളുമുണ്ടാവാം. ഭയം, ആകുലത, നിരാശ, ക്ഷോഭം, താരതമ്യപ്പെടുത്തൽ, അപകർഷതാബോധം, താൻപൊലിമ എന്നിവയെ അഭിമുഖീകരിച്ച് അതിൽ നിന്ന് പുറത്തുവരണം. മനഃശാസ്ത്രത്തിൽ ഇങ്ങനെ ഒരു ചികിത്സാരീതി തന്നെയുണ്ട്; എന്തിനെ നിങ്ങൾ ഭയക്കുന്നുവോ അതിനെ തന്നെ നേരിടുക എന്ന രീതി (phychological desensitization). ചിന്ത യാഥാർത്ഥ്യങ്ങളേക്കാൾ ശക്തവും ഭയാനകവുമാണ്. അതിനാൽ യാഥാർത്ഥ്യങ്ങളെ നേരിട്ടാൽ ഭയത്തിൽ നിന്നും പരിമിതികളിൽ നിന്നും പുറത്തുവരാൻ കഴിയും. നിഴലിനെ നേരിട്ടാൽ വെളിച്ചത്തെ സ്വന്തമാക്കാനാകും. വളർച്ച പരിപൂർണവും സ്ഥായിയുമാകണമെങ്കിൽ അധമഭാവനകളെക്കൂടെ പരിഗണിക്കണം, ബോധതലത്തിലെത്തിക്കണം.

പരിമിതികളെ അതിജീവിക്കാൻ നമ്മിലെ ശക്തിമാത്രം പോര. ദൈവത്തിന്റെ ശക്തിയിലും വിശ്വസിക്കണം, അതനുഭവിക്കണം. നമ്മുടെ വാക്കിന്റെ പ്രവൃത്തിയുടെ ചിന്തയുടെ ഉറവിടം ദൈവത്തിൽ നിന്നായാൽ നാം ബലമുള്ളവരാകും, നന്മയുള്ളവരാകും, മനസ്സ് സ്വതന്ത്രമാകും. ■



*തിരുവനന്തപുരം ലത്തീൻ അതിരൂപത 15-ാമത് പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തെ ബിഷപ്പ് ഡോ. ക്രിസ്തുദാസ് അഭിസംബോധന ചെയ്യുന്നു. വികാരി ജനറൽ മോൺ. സി. ജോസഫ് സമീപം (14.04.2021)*

# കേരളത്തെ ടെക്നോളജി ഹബ്ബായി മാറ്റണം: കാത്തലിക് എൻജിനിയറിംഗ് കോളജ് അസോസിയേഷൻ

കോട്ടയം: കേരളത്തെ ഇന്ത്യയുടെ ടെക്നോളജി ഹബ്ബാക്കുവാനുതകുംവിധം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങളുണ്ടാകണമെന്ന് കാത്തലിക് എൻജിനിയറിംഗ് കോളജ് മാനേജ്മെന്റ്സ് അസോസിയേഷൻ.



*തിരുവനന്തപുരം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബൈജു ജോസ്സി.*

ആഗോള സാധ്യതകൾക്കും ഗുണനിലവാരത്തിനുമനുസരിച്ച് മത്സരക്ഷമത കൈവരിക്കാനും എൻജിനിയറിംഗ് വിദ്യാഭ്യാസ മേഖലയിൽ വൻ കുതിച്ചുചാട്ടത്തിനുമുള്ള അവസരങ്ങൾ സംസ്ഥാനം നഷ്ടപ്പെടുത്തരുത്. ഈ മേഖലയിൽ സജീവ സാന്നിധ്യമായ സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംരക്ഷണവും പ്രോത്സാഹനവും നൽകണമെന്നും അസോസിയേഷൻ സർക്കാരിനോടാവശ്യപ്പെട്ടു.

പ്രസിഡന്റ് റവ.ഡോ. മാത്യു പായിക്കാട്ട് അധ്യക്ഷതവഹിച്ചു. വൈസ് പ്രസിഡന്റ് ഫാ. ജോൺ വിളയിൽ, ജനറൽ സെക്രട്ടറി റവ.ഡോ. ജോസ് കുറിയേടത്ത്, ഫാ. റോയി വടക്കൻ, ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ എന്നിവർ വിഷയാവതരണങ്ങൾ നടത്തി.

ഇൻഡസ്ട്രി 4.0 വിഭാവനം ചെയ്യുന്ന നാലാം വ്യാവസായിക വിപ്ലവത്തെ ത്വരിതപ്പെടുത്തുന്ന വിവിധ പഠന ശിബിരങ്ങൾ സംഘടിപ്പിക്കും. സംരംഭകത്വത്തിനും നൂതന കണ്ടുപിടുത്തങ്ങൾക്കും ഉപകരിക്കുന്ന ആധുനിക ലാബ് സംവിധാനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ച് കേരളത്തെ ടെക്നോളജി ഹബ്ബായി മാറ്റാനുതകുന്ന സർക്കാർ പദ്ധതികൾക്ക് എല്ലാവിധ പിന്തുണയും നൽകും. വിദ്യാഭ്യാസ സാങ്കേതിക ഗവേഷണ രംഗത്തുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര മാറ്റങ്ങളെക്കുറിച്ച് പഠനശിബിരം നടത്തി നിർദേശങ്ങൾ സർക്കാരിനു സമർപ്പിക്കുവാനും അസോസിയേഷൻ തീരുമാനിച്ചു. മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. വിൽഫ്രഡ് ഇ., ഫാ. ടോമി പടിഞ്ഞാറേവീട്ടിൽ, ഫാ. ഡെന്നി മാത്യു, ഫാ. പോൾ നെടുമ്പ്രം, ഫാ. ജയിംസ് ചെല്ലംകോട്ട്, ഫാ. ജസ്റ്റിൻ ആലുങ്കൽ, ഫാ. ജോൺ പാലിയേക്കര, ഫാ. ജോർജ് പെരുമാൻ, ഫാ. ഫെർഡിനാൻ പീറ്റർ എന്നിവർ പ്രസംഗിച്ചു.

# രണ്ടര കോടിയിൽപ്പരം രൂപയുടെ കാരുണ്യ പ്രവർത്തനവുമായി തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ



*കുടുംബപ്രേഷിത ശുശ്രൂഷയുടെ സഹായവിതരണം തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു*

തിരുവനന്തപുരം: കുടുംബങ്ങളുടെ വീണ്ടെടുപ്പും കരുണയുടെ അജപാലനവും ലക്ഷ്യമാക്കി തിരുവനന്തപുരം അതിരൂപതയിൽ ആരംഭിച്ച അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ കർമരംഗത്ത് 4 വർഷം പൂർത്തിയാക്കുന്നു. കുടുംബങ്ങളുടെ രൂപീകരണത്തിനും വീണ്ടെടുപ്പിനും വേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം ജീവിതത്തിൽ വെല്ലുവിളികൾ നേരിടുന്നവർക്ക് സാന്ത്വനമേകുന്ന ഒരുപിടി കാരുണ്യപദ്ധതികൾക്കും ഇതിനകം രൂപംനൽകി നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവരെ രണ്ട് കോടി അൻപത്തി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരം രൂപ വിവിധ കാരുണ്യപദ്ധതികൾക്കായി കുടുംബപ്രേഷിത ശുശ്രൂഷ ചെലവഴിച്ചു.

നിർദ്ധന കുടുംബങ്ങളിലെ പെൺമക്കളുടെ മംഗല്യ സഹായത്തിനായി രൂപംകൊടുത്ത സാന്ത്വനം മംഗല്യം പദ്ധതിയുടെ ഭാഗമായി ഓഖി ദുരന്തത്തിനിരയായ 16 നിർദ്ധന കുടുംബങ്ങളിലെ യുവതികളുടെ വിവാഹത്തിനായി 16,45000 രൂപയും മറ്റ് 91 നിർധന കുടുംബങ്ങളിലെ യുവതികളുടെ വിവാഹത്തിനായി 16,35000 രൂപയും ഉൾപ്പെടെ ഈ പദ്ധതിയിലൂടെ ഇതുവരെ 334 പേർക്കായി ഒരു കോടി അറുപത്തിനാല് ലക്ഷത്തി അൻപതിനായിരം (1,64,50,000) രൂപയുടെ സഹായം നൽകി.

ജീവിതത്തിൽ ഒറ്റപ്പെട്ട് അവശതയിൽ കഴിയുവർക്ക് "ആരും ഒറ്റയ്ക്കല്ല" എന്ന ലക്ഷ്യത്തിൽ അവരുടെ ആത്മീയ, മാനസിക, ശാരീരിക പരിപാലനം നടത്താനായി രൂപം നൽകിയ കാരുണ്യ പദ്ധതിയാണ് "കരുണാമയൻ." മാസം തോറും അവശതയിൽ കഴിയുന്നവരെ നേരിൽ സന്ദർശിച്ച് അവർക്ക് വേണ്ട പരിപാലനം നൽകി ഒപ്പം 1000 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതാണ് കരുണാമയൻ പദ്ധതി. ഇതിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം 55 പേർക്ക് പ്രതിമാസ പെൻഷനായി 6,60,000 രൂപ വിതരണം ചെയ്തു. ഓഖി ദുരന്തത്തിൽ പെട്ട് ജീവിതത്തിൽ തിരികെ വരികയും എന്നാൽ നിലവിൽ അവശത നേരിടുന്ന 150 പേർക്ക് പ്രതിമാസം ആയിരം രൂപ നിരക്കിൽ പെൻഷനായി 18,00,000 രൂപയും നൽകി. കരുണാമയൻ പദ്ധതിയാരംഭിച്ചതുമുതൽ ഇതുവരെ അറുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരം (69,99,000) രൂപ പെൻഷനായി നൽകി.

മാരകരോഗം പിടിപെട്ട് അവശതിയിലായവർക്ക് ചികിത്സാ സഹായം ലഭ്യമാക്കാനായി രൂപീകരിച്ച പദ്ധതിയാണ് "ഹീലിംഗ് ഹാൻഡ്." കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 25 പേർക്ക് ചികിത്സാ സഹായമായി നൽകിയത് 2,84,000 രൂപയാണ്. ഈ പദ്ധതിയിലൂടെ ഇതുവരെ 47 രോഗികൾക്കായി അഞ്ച് ലക്ഷത്തി അൻപത്തി അയ്യായിരം രൂപയുടെ സഹായവും നൽകിയിട്ടുണ്ട്.

കോവിഡിന്റെ ഒന്നാം തരംഗത്തിൽ വിവിധ വെല്ലുവിളികൾ നേരിട്ട സഹോദരങ്ങൾക്ക് ആയിരം രൂപ വീതം നൽകി. 81 ഏകസ്ഥർക്കും, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 281 പേർക്കും 89 ബധിര മൂകർക്കും, 20 അന്ധർക്കുമായി 4,71,000 രൂപ വിതരണം ചെയ്തു.

2020 ഡിസംബറിൽ "കിടപ്പ് രോഗികൾക്കൊപ്പം ക്രിസ്തുമസ്സ്" എന്ന പേരിൽ ഒരു കാരുണ്യ പരിപാടി നടപ്പിലാക്കി. കുടുംബ ശുശ്രൂഷ ഭാരവാഹികളും, സന്നദ്ധ പ്രവർത്തകരും, ആനിമേറ്റേഴ്സും, ഇടവകകളിലെ വൈദീകരും 750 കിടപ്പ് രോഗികളെ സന്ദർശിക്കുകയും അവർക്ക് വേണ്ട ആത്മീയ, മാനസിക പരിപാലനം നൽകുകയും 1000 രൂപ വിലവരുന്ന ഒരു കിറ്റ് ക്രിസ്തുമസ്സ് സമ്മാനമായി നൽകുകയും ചെയ്തു. ഈ കാരുണ്യ പ്രവൃത്തിക്കായി 7,37,000 രൂപ വിനിയോഗിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം മേല്പറഞ്ഞ കാരുണ്യപദ്ധതികൾക്കായി എഴുപത്തിരണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ ചിലവഴിച്ചു.

ഈ കാരുണ്യ പദ്ധതികൾ സാധ്യമാകുന്നത് ഒരു കൂട്ടം സുമനസ്സുകളുടെ കാരുണ്യം കൊണ്ടാണ്. പ്രാർത്ഥന, സമ്പത്തികം, സേവനം എന്നിവയിലൂടെ കരുണയുടെ അജപാലകരായി നിലകൊണ്ട് ഈ കാരുണ്യ പദ്ധതികളെ ശക്തിപ്പെടുത്തുന്നവരെ ഉൾകൊള്ളിച്ച് ശുശ്രൂഷയുടെ കീഴിൽ രൂപംകൊടുത്ത സാന്ത്വന കൂട്ടായ്മ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഈ കൂട്ടായ്മയിൽ അംഗമാകാനും കാരുണ്യ പദ്ധതികളെ ശക്തിപ്പെടുത്താനും നിങ്ങളെ ക്ഷണിക്കുന്നു. കൂടുതൽ അറിവിലേക്കായി 93872 96213 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണെന്ന് കുടുംബപ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഡോ. ഫാ. എ.ആർ. ജോൺ അറിയിച്ചു.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


നീർച്ചാലുകൾ

റവ. ഫാ. തോമസ് ജെ. നെറ്റോ


ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 6)

## നമുക്കും വിശുദ്ധ കുർബാനയാകാം

പുറ. 24:3-8 | ഹെബ്രാ. 9: 11-15 | മാർക്ക്. 14: 12-16. 22-26



മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ ഒരു കണ്ടുപിടുത്തമാണ് വിശുദ്ധ കുർബാന. ലോകാവസാനംവരെ മനുഷ്യരുടെ കൂടെയായിരിക്കുവാൻ ദൈവം കണ്ടെത്തിയ അത്ഭുതകരമായ മാർഗം.

ഇന്ന് ദിവ്യകാരുണ്യ തിരുനാൾ. ക്രിസ്തുവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും തിരുനാൾ. വി. കുർബാന വിശ്വാസത്തിന്റെ മഹാരഹസ്യമാണ്. വി. കുർബാനയുടെ സന്നിധിയിൽ നാം ഓരോരുത്തരും ധ്യാനാത്മകമായി ഹൃദയം തുറക്കുന്ന, ഭക്തിയോടെ മുട്ടുകൾ മടക്കുന്ന, ആരാധനയോടെ കരങ്ങൾ കൂപ്പുന്ന പുണ്യദിനം. ദിവ്യകാരുണ്യനാഥൻ തന്റെ കൃപയാൽ നമ്മുടെ ജീവിതങ്ങളെ എത്രയേറെ ഇതിനകം അനുഗ്രഹിച്ചിരിക്കുന്നു. നമ്മുടെ ആരാധനാജീവിതത്തിൽ ഹൃദയസ്പർശിയായ എത്രയെത്ര തിരുമണിക്കൂറുകൾ നാം പിന്നിട്ടിരിക്കുന്നു. ദിവ്യകാരുണ്യ ആരാധനയുടെ ഓർമകളും അനുഭവങ്ങളും വീണ്ടും പ്രോജ്വലിപ്പിച്ച് ദിവ്യകാരുണ്യ ചൈതന്യത്തിൽ ജീവിക്കാൻ വിശുദ്ധ കുർബാനയുടെ തിരുനാൾ നമ്മെ ക്ഷണിക്കുന്നു.

ഇന്നത്തെ സുവിശേഷ ഭാഗം വിശുദ്ധ കുർബാനയുടെ സ്ഥാപക വിവരണമാണ്. സെഹിയോൺ മാളികമുറിയിൽ അന്ത്യത്താഴ വേളയിൽ പെസഹാ ഭക്ഷിക്കുന്നതിനിടയിൽ യേശു അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, ശിഷ്യർക്ക് നൽകിക്കൊണ്ട് അരുളിച്ചെയ്തു: "ഇത് സ്വീകരിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്ക് നൽകിയശേഷം പറഞ്ഞു ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ ശരീരമാണ്." ഇവിടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപസാദൃശ്യങ്ങളിലേക്ക് യേശു സ്വയം മാറുന്നു. അതിൽ യേശു തന്നെത്തന്നെ നമുക്കായി നൽകുന്നു.

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ ഒരു കണ്ടുപിടുത്തമാണ് വിശുദ്ധ കുർബാന. ലോകാവസാനംവരെ മനുഷ്യരുടെ കൂടെയായിരിക്കുവാൻ ദൈവം കണ്ടെത്തിയ അത്ഭുതകരമായ മാർഗം. മനുഷ്യർക്ക് ജീവൻ നൽകുവാനും അത് സമൃദ്ധിയായി നൽകുവാനുമാണ് ദൈവപുത്രനായ യേശു മനുഷ്യനായി അവതരിച്ചത്. തന്റെ ജീവിതത്തിലൂടെയും പ്രബോധനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും തന്നെ കണ്ടുമുട്ടിയവർക്കും തന്നിൽ വിശ്വസിച്ചവർക്കും യേശു ദൈവിക ജീവനും സ്നേഹവും കൃപയുമെല്ലാം പകർന്നുനൽകി. മനുഷ്യരക്ഷയുടെ ദൈവിക പദ്ധതി തന്റെ പീഡാനുഭവത്തിലൂടെയും മരണ-ഉത്ഥാനത്തിലൂടെയും അവിടുന്ന് പൂർത്തീകരിച്ചു. ആ രക്ഷയുടെ അനുഭവം എക്കാലത്തേയും മനുഷ്യർക്ക് എല്ലായിടത്തും എല്ലായിപ്പോഴും സംലഭ്യമാക്കാൻ അവിടുന്ന് ആഗ്രഹിച്ചു. അതിന് ദൈവപുത്രനായ ക്രിസ്തു കണ്ടുപിടിച്ച മാധ്യമവും മാർഗവുമാണ് വിശുദ്ധ കുർബാനയുടെ

സ്ഥാപനം. അതുൾക്കൊള്ളുന്നത്, അടുത്തദിവസം കാൽവരിയിലെ കുരിശിൽ യേശു അർപ്പിക്കുന്ന രക്ഷാകര ബലിയുടെയും തുടർന്നുള്ള ഉയിർപ്പിന്റെയും കൗദാശികമായ മുന്നാവിഷ്കാരമാണ്.

"എന്റെ ഓർമയ്ക്കായി, ഇത് ചെയ്യുവിൻ" എന്ന ദിവ്യനാഥന്റെ ആഹ്വാനം ആരാധനാക്രമത്തിലൂടെ തിരുസഭ എന്നും അഭംഗുരം നിറവേറ്റുന്നു. വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ രക്ഷയുടെ പെസഹാരഹസ്യം കൗദാശികമായി പുനഃരാവിഷ്കരിക്കപ്പെടുന്നു; യേശുവിന്റെ യഥാർത്ഥ സാന്നിധ്യം സവിശേഷമായി നാം അനുഭവിക്കുന്നു.

വിശുദ്ധ കുർബാന ഒരേ സമയം ബലിയും വിരുന്നുമാണ്. യേശുപറയുന്നു: "സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ. 6:51). അവിടുന്ന് തുടരുന്നു: "എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്... എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും" (യോഹ. 6:55,57). വിശുദ്ധ കുർബാന നിത്യജീവന്റെ അച്ചാരമാണ്. ഭാവിയിലേക്ക്, അനശ്വരജീവനിലേക്ക് പ്രത്യാശയോടെ അത് നമ്മുടെ ഹൃദയങ്ങളെ തുറക്കുന്നു.

വിശുദ്ധ കുർബാന നൽകിയതിന് പിന്നിലെ ദൈവത്തിന്റെ ചേതോവികാരവും പ്രേരണയും സ്നേഹം ഒന്നുമാത്രമാണ്. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ അതിരറ്റ സ്നേഹവാത്സല്യത്തിന്റെ പേരാണ് വിശുദ്ധ കുർബാന. "ഒരാളെ സ്നേഹിക്കുക എന്നാൽ, ആ വ്യക്തിയോട് നീ മരിക്കുകയില്ല എന്നുപറയുകയാണ്". ഫ്രഞ്ച് തത്വചിന്തകനായ ഗബ്രിയേൽ മാർസലിന്റേതാണ് ഈ വാക്കുകൾ. പരിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന യേശു നമ്മോട് പറയുന്നതും ഇതുതന്നെ: "നീ മരിച്ചാലും ജീവിക്കും". സ്നേഹം മരണത്തേക്കാൾ ശക്തമാണ്.

"എന്റെ ഓർമയ്ക്കായി, ഇത് ചെയ്യുവിൻ". ഈ ആഹ്വാനം ദൈവാലയ അൾത്താരയിൽ കേവലം ഒരു അനുഷ്ഠാനത്തിൽ ഒതുക്കാനുള്ളതല്ല. മറിച്ച്, നമ്മുടെ ഭവനങ്ങളിലെ അൾത്താരകളിലും കർമ്മരംഗങ്ങളിലും അനുദിനം ജീവിക്കുവാനുള്ളതാണ്. സ്നേഹത്തിൽ പ്രേരിതരായി, ആത്മദാനത്തിന്റെയും പങ്കുവയ്ക്കലിന്റെയും വഴികളിലൂടെ യേശുവിനോടൊപ്പം നമുക്കും വിശുദ്ധകുർബാനയാകാം.

തിരുഹൃദയ തിരുനാൾ (ജൂൺ 13)

## നീർച്ചാലുകൾ

റവ. ഡോ. ലോറൻസ് കുലാസ്

# ജീവന്റെ ഉറവിടം

ഹോസി 11:1,3-4 | എഫേ 3:8-12,14-19 | യോഹ 19:31-37



യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട് പാർശ്വം പിളർക്കുന്ന അന്തിമഘട്ടം വിവരിക്കുന്ന നാലാം സുവിശേഷകൻ യേശുവിന്റെ മരണത്തെ അർത്ഥപൂർണ്ണമായി വ്യാഖ്യാനിക്കാൻ ഉദ്യമിക്കുന്നു. സമാന്തര സുവിശേഷങ്ങളിൽ ഈ ഭാഗം വിവരിക്കപ്പെടുന്നില്ല. സുവിശേഷകൻ പാർശ്വം പിളർക്കൽ വിവരണത്തിന്റെ ആരംഭത്തിൽ കുരിശിലേറ്റപ്പെട്ടവരുടെ ശരീരങ്ങൾ പ്രദർശിപ്പിക്കുന്നു (19:31-33). പ്രദർശിപ്പിക്കപ്പെടുന്ന ശരീരങ്ങൾ കുരിശിൽ നിന്ന് നീക്കം ചെയ്യുവാൻ യഹൂദർ ആഗ്രഹിക്കുന്നു. പിറ്റേന്ന് സാബത്താകയാൽ ഒരുക്കദിനമായ വെള്ളിയാഴ്ച ശരീരങ്ങൾ കുരിശിൽ കിടക്കുന്നത് അനുവദനീയമായിരുന്നില്ല. നിയമാവർത്തന പുസ്തകത്തിൽ ഇതിന് പിൻബലമായി ചില രേഖപ്പെടുത്തലുകളുണ്ട് (നിയമ 21:22-23); പ്രധാനമായും, തൂക്കിലേറ്റപ്പെട്ട കുറ്റവാളികളുടെ ശരീരം സൂര്യാസ്തമയത്തിന് മുമ്പ് മരത്തിൽ നിന്ന് നീക്കം ചെയ്യപ്പെടേണ്ടതുണ്ട്. ഇതിനുള്ള അപേക്ഷയുമായി യഹൂദർ പിലാത്തോസിനെ സമീപിക്കുന്നു (19:31). കാരണം ഒരാളെ തൂക്കിക്കൊല്ലുവാനുള്ള നിയമപരമായ സാധുത റോമൻ കോടതിയുടെ അധികാരപരിധിയിലായിരുന്നു. അപ്രകാരം തന്നെ, മരണശേഷവും ശരീരം കുരിശിൽ നിന്ന് നീക്കം ചെയ്യുവാനും റോമൻ കോടതിയുടെ അനുവാദം ആവശ്യമായിരുന്നു. സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ മരണം യഹൂദർ കാലേക്കൂട്ടി തീരുമാനിച്ചുറപ്പിച്ചതായിരുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. എന്നാൽ യേശുവിനെ കൊല്ലുന്നതിനും മരണശേഷം കുരിശിൽ നിന്ന് നീക്കം ചെയ്യുന്നതിനും അവർക്ക് റോമൻ സാമ്രാജ്യത്തിന്റെയും റോമൻ കോടതിയുടെയും നിയമപരമായ സഹായം അന്വേഷിക്കേണ്ടിവന്നു. അതായത്, യേശുവിന്റെ മരണം മനുഷ്യരുടെ

ആഗ്രഹത്തിനപ്പുറം ദൈവത്തിന്റെ അഭീഷ്ടപ്രകാരമാണെന്നുള്ള വസ്തുത ഇവിടെ തെളിയുന്നു.

റോമൻ കോടതിയുടെ അനുവാദത്തോടെ കുരിശിൽ കിടക്കുന്ന ശരീരങ്ങൾ നീക്കം ചെയ്യുവാനുള്ള നടപടികൾ പടയാളികൾ ആരംഭിക്കുന്നു. തുടർന്ന്, അവർ രണ്ടുപേരുടെ കാലുകൾ തകർക്കുന്നു. കുരിശുമരണം ദിവസങ്ങൾ നീണ്ടു നില്ക്കുന്ന ക്രൂരമായ ഒരു ശിക്ഷ്യാവിധിയാണ്. ആകയാൽ, മരണത്തിന് വേഗം കൂട്ടാൻ കുരിശിലേറ്റപ്പെട്ടവരുടെ കാലുകൾ തകർക്കുന്നത് ഒരു സാധാരണ നടപടിയാണ്. എന്നാൽ യേശു ഇതിനകം മരിച്ചുകഴിഞ്ഞതിനാൽ അവന്റെ കാലുകൾ തകർക്കപ്പെടുന്നില്ല. സുവിശേഷകനെ സംബന്ധിച്ചിടത്തോളം ഇതിന് ദൈവശാസ്ത്രപരമായ അർത്ഥമാണുള്ളത്. സുവിശേഷകൻ യേശുവിനെ കുഞ്ഞാടായാണ് ആരംഭത്തിൽ അവതരിപ്പിക്കുന്നത് (1:36). ഒടുവിൽ ജറുസലേമിലേയ്ക്കുള്ള യേശുവിന്റെ രാജകീയ പ്രവേശദിവസം (12:12-19) യഹൂദരെ സംബന്ധിച്ചിടത്തോളം ദേവാലയത്തിൽ ബലിയർപ്പിക്കേണ്ട പെസഹ കുഞ്ഞാടിനെ തിരഞ്ഞെടുക്കേണ്ട ദിവസം തന്നെയായിരുന്നു. അപ്രകാരം യേശു കുരിശിൽ മരിക്കുന്നത് പെസഹാ കുഞ്ഞാടായാണെന്ന് സുവിശേഷകൻ അനുമാനിക്കുന്നു. പെസഹാ കുഞ്ഞാടിന്റെ അസ്ഥികൾ ഒന്നും തന്നെ മുറിക്കപ്പെടാൻ പാടുള്ളതല്ല (പുറ12:46; സംഖ്യം 9:12; സങ്കീ 34:20). 'അസ്ഥികൾ തകർക്കപ്പെടാത്ത' മരണത്തിലൂടെ യേശു ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരമാകുന്നു. അപ്രകാരം മാനവരാശിയുടെ ജീവന്റെ പ്രയാണത്തിലേയ്ക്ക് യേശുവിന്റെ മരണം മാർഗ്ഗമാകുന്നുവെന്ന് സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നു.

യേശുവിന്റെ മരണം ഉറപ്പാക്കിയിട്ടും പടയാളികളിൽ ഒരുവൻ അവിടുത്തെ പാർശ്വം കുന്തം കൊണ്ട് പിളർക്കുന്നു. ഇവിടെ സുവിശേഷകൻ പട്ടാളക്കാരന്റെ നിഷ്ഠൂരമായ പ്രവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. എന്നാൽ തല്ഫലമായി ഒഴുകുന്ന "രക്തവും വെള്ളവും" ശ്രദ്ധാവിശേഷമാകുന്നു. രക്തവും വെള്ളവും എന്ത് അർത്ഥമാക്കുന്നുവെന്ന് ഗ്രഹിക്കുവാൻ നാലാം സുവിശേഷത്തിന്റെ തന്നെ താളുകൾ നമ്മെ സഹായിക്കുന്നു. സമറിയാക്കാരിയുമായുള്ള സംഭാഷണത്തിലും (അധ്യായം 4) ജറുസലേം പ്രഭാഷണത്തിലും (അധ്യായം 7) യേശു താൻ ജീവജലത്തിന്റെ ഉറവയാണെന്ന് ബോധ്യപ്പെടുത്തുന്നു (4:10,12-14;7:37-38). ദിവ്യകാരുണ്യ പ്രതീകമായി നിലകൊള്ളുന്ന ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ (അധ്യായം 6) തന്റെ രക്തം ജീവദായകമാണെന്ന് യേശു ഓർമ്മപ്പെടുത്തുന്നു (6:53-58). സഭാപിതാക്കന്മാരുടെ പഠനത്തിൽ പാർശ്വത്തിൽ നിന്ന് ഒഴുകുന്ന രക്തവും വെള്ളവും (19:34) കൂദാശകളായ ദിവ്യകാരുണ്യത്തിന്റെയും ("രക്തം") ജ്ഞാനസ്നാനത്തിന്റെയും ("വെള്ളം") പ്രതീകമാണ്. സുവിശേഷരചനയിൽ യേശുവിൽ നിന്നും പുറപ്പെടുന്ന രക്തവും വെള്ളവും ജീവന്റെ ഉറവിടമെന്ന നിലയിലാണ് കൂദാശയെന്നതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നത്. ആയതിനാൽ, സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ മരണം ജീവന്റെ ഉറവിടമാണ്; ജീവദായകമാണ്. ജീവന്റെ പൂർണത അനുഭവിക്കുവാനും അത് പകർന്നു നല്കുവാനും നാം ഓരോരുത്തരും വിളിക്കപ്പെട്ടവരാകുന്നു.

ആണ്ടുവട്ടം 12-ാം ഞായർ (ജൂൺ 20)

നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

# ഭയത്തിനുമേലുള്ള വിശ്വാസം

ജോബ്. 38, 1. 8-11 | 2 കൊറി . 5: 14-17 | മാർക്ക്. 4: 35-41

ജീവിതത്തിന് ഒരു മറുകരയുണ്ടെന്ന് നസ്രായൻ. ഇക്കരകളിൽ കൂടേണ്ടതല്ല ജീവിതമെന്നും അക്കരയിലേക്കുള്ള യാത്രകൾക്ക് ഒരുമ്പെടണമെന്നും ആ മഹാഗുരു ഓർമ്മിപ്പിക്കുന്നുണ്ട്. സ്വന്തം കൈകൾ കൊണ്ട് എത്തിപ്പിടിക്കാനാകാത്ത എല്ലാ ലക്ഷ്യങ്ങളിലും ഈശ്വരന്റെ അദൃശ്യഹസ്തങ്ങളുണ്ടാകുമെന്ന ഉറപ്പാണ് വിശ്വാസമെന്നും സുവിശേഷം വ്യക്തമാക്കുന്നു. തിരയും തീരവും കോടയും കൊടുങ്കാറ്റും ശിഷ്യരിൽ മരണഭീതി ഉണർത്തി. എന്നിട്ടും ഗുരു പ്രശാന്തമായി കിടന്നുറങ്ങുകയാണ് (സങ്കീർ.4:8), വിശ്രമിക്കുന്ന അവനെ ആരും ഭയപ്പെടുത്തുകയില്ല (ജോബ് 11:19) എന്ന വചനങ്ങൾ ക്രിസ്തുസാന്നിധ്യം അറിയിക്കാൻ വെളിപ്പെടുത്തുകയാണ്.

ക്രിസ്തുവിന്റ അധികാരത്തിലൂടെ നിഴലിക്കുന്നത് ദൈവത്തിന്റെ വൈഭവമാണെന്ന് കാണാൻ സാധിക്കും. ജോബ് 38:8 ൽ ഗർഭത്തിൽ നിന്നും സമുദ്രം പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ കതകടച്ചു തടഞ്ഞവൻ ആര്? എന്നും, സങ്കീർ 74:13 ൽ ശക്തിയാൽ അങ്ങ് കടലിനെ വിഭജിച്ചുവെന്നും, സങ്കീർ 89:9 ൽ അങ്ങ് ഇളകിമറിയുന്ന കടലിനെ ഭരിക്കുന്നു; തിരമാലകളുയരുമ്പോൾ അങ്ങ് അവയെ ശാന്തമാക്കുന്നുവെന്നും,

ഏശയ്യ 51:10 ൽ സമുദ്രത്തിന്റെ ആഴത്തിൽ പാതയൊരുക്കിയതും അങ്ങല്ലേ? എന്നും... പഴയനിയമം വാചാലമാകുമ്പോൾ ദൈവത്തിന്റെ ശക്തി ക്രിസ്തുവിലൂടെ പ്രകടമാവുകയാണ് ആ പ്രക്ഷുബ്ധമായ കടലിൽ. ജീവിതം തിരപോലെ ഇളകിമറിയുമ്പോഴും കൊടുങ്കാറ്റുപോലെ ആടിയുലയുമ്പോഴും ദൈവത്തെ നാം പഴിക്കുമോ? അതോ കൂടുതലായും അവനോടടുക്കുമോ?

പ്രക്ഷുബ്ധമായ കടലും കൊടുങ്കാറ്റും നമ്മെ ചില കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

ഒന്നാമതായി, തിരമാലയും കൊടുങ്കാറ്റും ഒരു പരീക്ഷണമാണ്. ഇക്കരെ യേശു കാട്ടിയ അത്ഭുതങ്ങളും അടയാളങ്ങളും ശിഷ്യരുടെ വിശ്വാസത്തെ ഉറപ്പിച്ചുനിർത്തിയെങ്കിൽ, അക്കരെയെത്തും മുമ്പേ അവരുടെ വിശ്വാസം നടുക്കടലിൽ പരീക്ഷിക്കപ്പെട്ടു. ഇക്കരകളിൽ സുരക്ഷിതത്വമുണ്ടായിരിക്കുമെങ്കിലും അക്കരകളിൽ നമ്മെ കാത്തിരിക്കുന്നത് ഭയവും ഭീകരതയുമായിരിക്കും. മറുകരയിൽ പരീക്ഷിക്കപ്പെട്ടാലും ജീവിതത്തെ വിശ്വാസംകൊണ്ട് ആഴപ്പെടുത്താൻ ക്രിസ്തു പഠിപ്പിക്കുകയാണ്.

രണ്ടാമതായി, കടലും കൊടുങ്കാറ്റും പെട്ടന്നുണ്ടായ പ്രതിഭാസമായിരുന്നു. ഗലീലിയ കടലിന്റെ വലുപ്പം പണ്ഡിതരുടെ അഭിപ്രായങ്ങളിൽ 13 മൈൽ നീളവും 7 മൈൽ വീതിയും 150 അടി ആഴവുമാണ്. 700 അടിയെങ്കിലും ആഴമുള്ളിടത്താണ് സാധാരണ ശക്തമായ കാറ്റിനും കോളിനും സാധ്യതയെന്ന് പണ്ടുള്ള പഠനം തെളിയിക്കുന്നു. അതു ശരിയായാലും തെറ്റായാലും, ജീവിതത്തിനുമുമ്പേ പെട്ടെന്ന് രൂപപ്പെടുന്ന കൊടുങ്കാറ്റുണ്ട്. ഒരു ഫോൺകോൾ കൊടുങ്കാറ്റായി മാറാം. ഒരു സംഭാഷണം കൊടുങ്കാറ്റായിമാറാം. "അവന്റെ ദിനങ്ങൾ ദുരിതപൂർണമെന്നും" (ജോബ് 14:1) ജോബ് നിലവിളിക്കുന്നത് അതുകൊണ്ടാണ്. നമ്മുടെ ആധ്യാത്മിക പക്വതയെ പരീക്ഷിക്കാൻ ഒരു കൊടുങ്കാറ്റ് ദിനവും വീശിയടിക്കുന്നു.

മൂന്നാമതായി, കടലും കൊടുങ്കാറ്റും ദൈവത്തെ സമീപിക്കാൻ കാരണമാകുന്നു. പ്രൊഫഷണൽ മത്സ്യത്തൊഴിലാളികളായിരുന്നു ശിഷ്യരിൽ പലരും. എന്നിട്ടും അവർക്കും മനസിലാകാത്തത് പറഞ്ഞുകൊടുക്കാൻ ക്രിസ്തു മനുഷ്യനും ദൈവവുമാകുന്നു. കൊടുങ്കാറ്റിനുപോലും ഉണർത്താനാവാത്ത ഉറക്കത്തിലായിരുന്ന ക്രിസ്തുവിന്റെ മനുഷ്യപ്രകൃതമാണ് നാം ഇവിടെ കാണുന്നതെങ്കിലും, ഞൊടിയിടയിൽ, കാറ്റിനെയും കടലിനെയും ശാസിച്ച് നിർത്തുന്നതിലൂടെ അവിടുന്ന് തന്റെ ദൈവത്വവും വെളിപ്പെടുത്തുകയാണ്. ക്രിസ്തു മനുഷ്യന്റെ ഛായയിലും ദൈവത്തിന്റെ വൈഭവത്തിലും നിറഞ്ഞുനിൽക്കുന്നത് ശിഷ്യന്മാർ ദർശിച്ചു.

അന്ധകാരത്തിന്റെ അധിപൻ മനുഷ്യനുനേരെ ആഞ്ഞടിക്കുമ്പോൾ വിശ്വാസത്തിന് ഇളക്കം തട്ടും. എന്നാൽ, സർവത്തിന്റെയും നിയന്താവാണ് അമരത്തിലുള്ളതെന്ന് വിശ്വസിച്ചാൽ ഉള്ളിലും ഉടലിലും ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നതൊക്കെ 'ശമിക്കും', 'ശാന്തമാവും'. സത്യത്തിൽ, ഒരു വിപത്തിന് നടുവിൽ നിൽക്കുമ്പോൾ ദൈവം ആരാണെന്ന് നാം പഠിക്കുകയാണ്. ദുരന്തങ്ങളിലും അപകടങ്ങളിലും 'ഞാനും എന്റേതും രക്ഷപ്പെട്ടു, ഭാഗ്യം!' എന്നല്ല ആശ്വസിക്കേണ്ടത്, മറിച്ച് ഇരകളായവരെക്കുറിച്ചും ചിന്തയുണ്ടാകണം. എന്നെ മാത്രം രക്ഷപ്പെടുത്തിയവനാണ് ദൈവമെന്ന് വ്യാഖ്യാനിക്കാതെ സകലരെയും സകലത്തിനെയും കാക്കുന്നവനാണ് ദൈവമെന്ന് ഉദ്ഘോഷിക്കാം.

ആണ്ടുവട്ടം 13-ാം ഞായർ (ജൂൺ 27)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

# വിശ്വാസം അതല്ലെ എല്ലാം !

ജ്ഞാനം. 1:13-15, 2: 23-24 | 2 കൊറി. 8: 7-9, 13-15 | മാർക്ക്. 5: 21-43

ഒരു ഞായറാഴ്ച അമ്മ മകന് രണ്ട് അഞ്ചുരൂപാ തുട്ടുകൾ കൊടുത്തു ഒന്ന്, പള്ളിയിൽ നേർച്ചയിടാൻ മറ്റേത് മിഠായി വാങ്ങാൻ. ദൈവത്തിന്റെ തുട്ടും തനിക്കുള്ള നാണയവും മുകളിലേക്ക് എറിഞ്ഞ് താഴെയെത്തുമ്പോൾ നിലത്തു വീഴാതെ പിടിച്ച് അവനങ്ങനെ കളിച്ചുതിമിർത്ത് പള്ളിയിലേക്ക് നടക്കുകയാണ്. വഴിമധ്യേ ഒരു പാലം കടക്കുമ്പോൾ അഞ്ചുരൂപ തുട്ടുകളിലൊന്ന് പിടിവിട്ട് താഴെ വെള്ളത്തിൽ പതിച്ചു. കുട്ടിക്ക് പക്ഷേ അൽപം പോലും വേദന തോന്നിയില്ല. അവൻ പറഞ്ഞത്രേ, "പാവം ഈശോ, ഈശോയുടെ നാണയം വെള്ളത്തിൽ പോയി." ഇതുപോലെ വിശ്വാസവും വിശ്വാസ ജീവിതവുമൊക്കെ ഇന്ന് പ്രായോഗികതയുടെ ഗതിവിഗതികളാൽ നിയന്ത്രിക്കപ്പെടുകയാണ്. ഇങ്ങനെയൊരു പ്രതിസന്ധിയിൽ വിശ്വാസജീവിതത്തിൽ മാതൃകയായി നിൽക്കുകയാണ് ജായ്റോസും രക്തസ്രാവക്കാരി സ്ത്രീയും.

യേശു വന്ന് കൈകൾ വച്ചാൽ മരണാസന്നയായ കൊച്ചുമകൾ സുഖം പ്രാപിക്കു

മെന്ന് ജായ്റോസ് വിശ്വസിച്ചു. അതിനുമപ്പുറം യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിച്ചാൽ തന്റെ രോഗം ഭേദമാകുമെന്ന് രക്തസ്രാവക്കാരിയും വിശ്വസിച്ചു.

രക്തസ്രാവക്കാരിയെ സംബന്ധിച്ച് പരസ്യമായി ഉണർത്തിക്കാൻ പറ്റുന്ന രോഗമായിരുന്നില്ല അവരുടേത്. ജനക്കൂട്ടത്തെയും അവൾ ഭയപ്പെട്ടു. കാരണം, യഹൂദചിന്തയനുസരിച്ച് അശുദ്ധയായ സ്ത്രീയെ സ്പർശിക്കുന്നവൻകൂടി അശുദ്ധനാകും. അതുകൊണ്ട് ജനമറിഞ്ഞാൽ അവൾക്കെതിരെ തിരിയാൻ ഇടയുണ്ട്. വസ്ത്രത്തിലെങ്കിലും സ്പർശിച്ചാൽ സൗഖ്യം ലഭിക്കാൻ പോന്ന ശക്തി നിറഞ്ഞുതുളുമ്പുന്ന വ്യക്തിയായി അവൾ യേശുവിനെ കണ്ടു. അതുകൊണ്ടാണ് പ്രശസ്തരായ വൈദ്യന്മാർക്ക് 12 വർഷമായി സാധിക്കാതിരുന്ന കാര്യം ആഴമേറിയ വിശ്വാസം വഴി ഒരു നിമിഷം കൊണ്ട് രക്തസ്രാവക്കാരിയുടെ ജീവിതത്തിൽ യഥാർത്ഥ്യമാവുന്നത്.

ലളിതമായ വിശ്വാസമാണ് രക്തസ്രാവക്കാരിയുടേത്. സാധാരണക്കാരന്റെ വിശ്വാസമാണിത്. വസ്ത്രത്തിൽ തൊട്ടാൽ സുഖപ്പെടുമെന്ന് രക്തസ്രാവക്കാരി വിശ്വസിച്ചതുപോലെ, തിരുശേഷിപ്പ് ചുംബിച്ചാൽ, വിശുദ്ധന്റെ രൂപം തൊട്ട് മുത്തിയാൽ ഉണ്ണീശോയുടെ രൂപത്തിൽ മാലചാർത്തിയാൽ അനുഗ്രഹം ലഭിക്കുമെന്ന് വിശ്വസിക്കുന്ന ഒരുപാടു പേരുണ്ട്. അവരുടെ വിശ്വാസത്തെ പുച്ഛിച്ച് തള്ളരുത്. ആ എളിയ വിശ്വാസത്തോടെ അനുഗ്രഹം സ്വീകരിച്ച് മടങ്ങുന്നവരുമുണ്ട് ധാരാളം. ഈ ലളിതമായ വിശ്വാസത്തിൽ നിന്ന് ആഴമേറിയ വിശ്വാസത്തിലേക്ക് വളരണം. വളർത്താനുള്ള ശ്രദ്ധയുണ്ടാകണമെന്ന് മാത്രം.

പ്രൊട്ടസ്റ്റന്റ് സഭയ്ക്ക് തുടക്കമിട്ട മാർട്ടിൻലൂഥറിനെക്കുറിച്ച് ഇങ്ങനെ വായിച്ചിട്ടുണ്ട്. അഗസ്റ്റിനിയൻ സഭാംഗമായിരുന്ന അദ്ദേഹം വി. പൗലോസിന്റെ ലേഖനങ്ങൾ വികലമായി വ്യാഖ്യാനിച്ച് വിശ്വാസം മാത്രമാണ് മനുഷ്യനെ നീതീകരിക്കുന്നതെന്ന് പഠിപ്പിച്ചു. വിശ്വാസത്തെക്കുറിച്ച് വലിയതത്വങ്ങൾ പറഞ്ഞിരുന്നെങ്കിലും ലൂഥർ ജീവിത പ്രതിസന്ധികളിൽ അതിരുവിട്ട് അസ്വസ്ഥനാകുമായിരുന്നു. ഒരിക്കൽ നിരാശപൂണ്ട് എല്ലാം തകർന്നവനെപ്പോലിരുന്ന ലൂഥറിന്റെ അടുക്കൽ ഭാര്യ കാതറൈൻ വന്നുപറഞ്ഞു. "നിങ്ങളറിഞ്ഞോ നിങ്ങളുടെ ദൈവം മരിച്ചുപോയി" "കാതറൈൻ ദൈവദൂഷണം പറയരുത്" ലൂഥർ പൊട്ടിത്തെറിച്ചു. "ദൈവം മരിച്ചുപോയി" അവൾ വീണ്ടും പറഞ്ഞു. ക്ഷുഭിതനായ ലൂഥറോട് ഭാര്യ പറഞ്ഞു: "വിഷണ്ണനായി നിങ്ങളിങ്ങനെ ഇരിക്കുന്നത് കാണുമ്പോൾ മറ്റുള്ളവർക്ക് തോന്നും നിങ്ങളുടെ ദൈവം മരിച്ചുപോയെന്ന്" ജീവിതത്തിന്റെ പ്രതിസന്ധിയിലും പ്രയാസങ്ങളിലും സുഖങ്ങളിലും ആകുലതകളിലും അചഞ്ചലനായി നിൽക്കാനാകുന്നവനാണ് വിശ്വാസി. വിശ്വപ്രസിദ്ധ സാഹിത്യകാരനായ ഡോസ്തോവിസ്കി കൂടെ കൂടെ ചുഴലിരോഗത്താൽ പ്രയാസപ്പെട്ടിരുന്നു. അതേക്കുറിച്ച് ഒരിക്കൽ പറഞ്ഞു, "ഈ ലോകം മുഴുവൻ എനിക്ക് തരാമെന്ന് പറഞ്ഞാലും എന്റെ രോഗമോ വേദനയോ ഞാനാർക്കും പകരം കൊടുക്കില്ല. കാരണം ഞാനെന്റെ ദൈവത്തെ വ്യക്തിപരമായി അനുഭവിച്ചറിയുന്ന നിമിഷങ്ങളാണിവ. ദൈവവിശ്വാസിക്കേ സഹനങ്ങളിലും ദൈവത്തിന്റെ മുഖം കാണാനാകൂ.

ഉറച്ച വിശ്വാസിക്ക് എത്ര കൂരിരുട്ടിലും ജീവിതത്തിൽ പ്രതീക്ഷയുടെ തിരവെട്ടമുണ്ടാകും. വിശ്വാസ ജീവിതത്തിന്റെ മാറ്റുരയ്ക്കുന്ന ഉരകല്ല് ജീവിതസഹനങ്ങളുടെ സന്ദർഭങ്ങളാണ്. സന്തോഷങ്ങളിൽ ദൈവത്തെ സ്തുതിക്കാനും അപദാനം പാടാനും എളുപ്പമാണ്. നിന്റെ കുരിശിന്റെ താഴ്‌വരയിൽ ദൈവം കൂടെയുണ്ടെന്ന വിശ്വാസത്തോടെ ഉറച്ചുനിൽക്കാനാകുന്നുണ്ടോ? പ്രതീക്ഷയ്ക്ക് വകയില്ലാത്ത വാർധക്യത്തിലും പുത്രൻ ജനിക്കുമെന്ന് വിശ്വസിച്ചതുകൊണ്ടാണ് അബ്രഹാത്തിന് വിശ്വാസികളുടെ പിതാവാകാൻ കഴിഞ്ഞതെന്ന് മറന്നുപോകരുത്. ■

# എല്ലാ ന്യൂനപക്ഷങ്ങളെയും തുല്യരായി കാണണം: കെസിബിസി

കൊച്ചി: എല്ലാ ന്യൂനപക്ഷങ്ങളെയും തുല്യരായി കണ്ട് അർഹമായ അവകാശങ്ങൾ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കെസിബിസിയുടെ വർഷകാല സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. ന്യൂനപക്ഷ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഉണ്ടായ കോടതിവിധിയുടെ വിവിധ വശങ്ങൾ സമ്മേളനം ചർച്ച ചെയ്തു. അവശതകൾ അനുഭവിക്കുന്ന ദളിത് ക്രൈസ്തവർ, ലത്തീൻ കത്തോലിക്കർ തുടങ്ങിയവർക്ക് സവിശേഷ പരിഗണന നൽകണമെന്ന് സമ്മേളനത്തിനുശഷനു ശേഷം പുറപ്പെടുവിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു. കോടതിവിധിയുടെ പശ്ചാത്തലത്തിൽ വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള നല്ല ബന്ധത്തിനു ഹാനികരമാകുന്ന വിധത്തിലുള്ള പ്രസ്താവനകളോ അഭിപ്രായപ്രകടനങ്ങളോ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് മെത്രാൻ സമിതി ഓർമിപ്പിച്ചു.

ലോക്ഡൗണിൽ ക്രമാനുഗതമായി വരുത്തുന്ന ഇളവുകളിൽ ദൈവാലയങ്ങളിലെ കർമ്മങ്ങൾ നിശ്ചിത ജനപങ്കാളിത്തത്തോടെയും ആവശ്യമായ മുൻകരുത ലുകൾ സ്വീകരിച്ചും നടത്തുന്നതിനുള്ള അനുവാദം നൽകണമെന്നും മെത്രാൻ സമിതി ആവശ്യപ്പെട്ടു. വാക്സിൻ ലഭ്യത ഉറപ്പുവരുത്തി എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ എടുക്കാൻ സർക്കാർ സൗകര്യം ഒരുക്കണം. സ്വാശ്രയ കോളേജ് അധ്യാപക അനധ്യാപക നിയമനം, സേവന വ്യവസ്ഥ എന്നിവ സംബന്ധിച്ച 2021 ഫെബ്രുവരി 19ന് പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്നതിനുമുമ്പ് മാനേജുമെന്റുകളുമായി ചർച്ച നടത്തി ആശങ്കകൾ ദുരീകരിച്ച് ആവശ്യമായ ഭേദഗതി കൊണ്ടുവരണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ചുഴലിക്കാറ്റുകളുടെയും കടൽക്ഷോഭത്തിന്റെയും കെടുതികൾ അനുഭവിക്കുന്ന തീരദേശങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. അതിവർഷം മൂലം കുട്ടനാടുപോലുള്ള പ്രദേശങ്ങളിൽ സംഭവിച്ചിരിക്കുന്ന കൃഷി നാശത്തിൽ ബുദ്ധിമുട്ടിലായ കർഷകർക്കും വീടുകൾ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകണം. പരിസ്ഥിതിലോലപ്രദേശങ്ങൾ പ്രഖ്യാപിക്കുമ്പോൾ ഭൂമിയുടെ മേൽ ഉടമസ്ഥാവകാശമുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും യോഗം ആവശ്യപ്പെട്ടു. കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ മൂന്നു ദിവസങ്ങളിലായി ഓൺലൈനിൽ നടന്ന സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ, ജനറൽ സെക്രട്ടറി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.



**വിഴിഞ്ഞം ഇടവക കർമ്മസേനയ്ക്ക് ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ഇടവകയുടെ സഹായം വികാരി ഫാ. തിയോഡേഷ്യസ് ഡിക്രൂസ് കൈമാറുന്നു. ഫാ. മൈക്കിൾ തോമസ് സമീപം**

# ടൗട്ടേ ചുഴലിക്കൊടുങ്കാറ്റ് തീരദേശത്തിന് കോടികളുടെ നഷ്ടം

തിരുവനന്തപുരം അതിരൂപതയുടെ തീരദേശമേഖലയെ ഒന്നാകെ തകർത്തെറിഞ്ഞ ടൗട്ടേ ചുഴലിക്കൊടുങ്കാറ്റ് തീരദേശ ഇടവകകളിലെ ജനങ്ങൾക്ക് നല്കിയത് കോടികളുടെ നഷ്ടമാണ്. ശക്തമായ കാറ്റും കടലേറ്റവും പെരുമഴയും സൃഷ്ടിച്ചുകടന്ന ടൗട്ടേ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, ഭൂമി, ഭക്ഷണം, വസ്ത്രം എന്നിവ പാടേ നശിപ്പിച്ചാണ് കടന്നുപോയത്. തെക്ക് കൊല്ലംകോട് മുതൽ വടക്ക് മാമ്പള്ളി വരെയുള്ള തീരദേശം ഇന്ന് ദാരിദ്ര്യത്തിന്റെയും പകർച്ചവ്യാധിയുടെയും ഭീഷണിയിലാണ്. തീരദേശത്തെ 25 ൽപ്പരം ഇടവകകളിൽ നിന്നായി 600 ലേറെ കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയോ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും ബന്ധുഭവനങ്ങളിലേക്കും അഭയം തേടുകയോ ചെയ്യേണ്ടിവന്നു. ആയിരത്തിലധികം ഭവനങ്ങൾക്ക് പൂർണമായോ ഭാഗികമായോ കേടുപാടുകൾ സംഭവിച്ചു.

തീരദേശ ജനതയുടെ ഈ ദുരന്തത്തിൽ പങ്കുചേർന്ന് അതിരൂപതാധ്യക്ഷനും അതിരൂപതാ സഹായമെത്രാനും നടത്തിയ ഇടപെടലുകളും റ്റിഎസ്എസ്എസും വിവിധ ഇടവകളും നടത്തിയ സഹായ സഹകരണങ്ങളുമാണ് ഇന്നീ മേഖലയിൽ ജീവിതം സാധ്യമാക്കുന്നത്. കടലേറ്റത്തിലും കാറ്റിലും വീടും കൈവശഭൂമിയും നഷ്ടപ്പെട്ടവരുടെ പുനഃരധിവാസമാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം.

## 'തീരസാന്ത്വനം തീരസഹായം'

ഈ ഘട്ടത്തിൽ ദുരിതമനുഭവിക്കുന്ന തീരദേശ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സഹായഹസ്തവുമായി ദുരിതമേഖലയിലെത്തിയ ഒട്ടേറെ ഇടവകകളുടെ പ്രവർത്തനം ശ്ലാഘനീയവും പ്രോത്സാഹനാർഹവുമായിട്ടുണ്ട്. ഇതിൽ ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ഇടവക സവിശേഷ പരാമർശം അർഹിക്കുന്നു. ഇടവക വികാരി ഫാ. തിയോഡേഷ്യസിന്റെ നേതൃത്വത്തിൽ ഇടവക കമ്മിറ്റി അംഗങ്ങൾ രൂപം നൽകിയ 'തീരസാന്ത്വനം തീരസഹായം' എന്ന പദ്ധതിക്ക് ദുരിതമനുഭവിക്കുന്ന തീരദേശ ജനതയ്ക്ക് താങ്ങും തണലുമാകാൻ കഴിഞ്ഞു. ഇടവകാംഗങ്ങളും അഭ്യുദയ കാംഷികളും നിർലോഭം നൽകിയ സംഭാവനകളാണ് തീരസാന്ത്വനം തീരസഹായം എന്ന പദ്ധതിയെ മുന്നോട്ടുനയിച്ചത്. ഇതിനോടകം അഞ്ചരലക്ഷം രൂപയുടെ സഹായം ദുരിതമേഖലയിലെത്തിക്കാൻ ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ഇടവകയ്ക്ക് കഴിഞ്ഞു. വസ്ത്രം, ഭക്ഷണ വസ്തുക്കൾ, ജീവൻ രക്ഷാ മരുന്നുകൾ ഓക്സി മീറ്റർ തുടങ്ങിയവ ഈ സഹായപദ്ധതിയിൽ ഉൾപ്പെടുന്നു.

# വചനജ്വാല

2021 ജൂൺ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# അതിജീവനത്തിന്റെ പോരാട്ടം



### 1. പരിശുദ്ധാത്മാവിന്റെ ഗാനം
### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. യേശുവിനെ ക്ഷണിക്കൽ

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാൻ ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

### 4. വചനഗീതി

### 5. ദൈവവചന പാരായണം

**ലൂക്കാ 10:25–37**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 6. വചനവിചിന്തനം

മനുഷ്യ സൃഷ്ടിയുടെ വിവരണത്തിനുശേഷം, ബൈബിൾ മാനുഷിക ബന്ധങ്ങളുടെ കാര്യം പരാമർശിക്കുന്നു. കായേൽ തന്റെ സഹോദരൻ ആബേലിനെ കൊല്ലുന്നു. അപ്പോൾ ദൈവം അവനോടു ചോദിക്കുന്നതായി അവൻ കേൾക്കുന്നു: "നിന്റെ സഹോദരൻ ആബേൽ എവിടെയാണ്?" (ഉല്പ. 4:9)അവന്റെ മറുപടി, നമ്മൾ പലപ്പോഴും നൽകുന്ന ഒന്നു തന്നെയാണ് 'ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണോ? ആദ്യകാല യഹൂദ പാരമ്പര്യങ്ങളിൽ മറ്റുള്ളവരെ സ്നേഹിക്കാനും പരിചരിക്കാനുമുള്ള കല്പന സ്വദേശത്തെ അംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നു. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (ലേവ്യർ 19:18) എന്ന പുരാതന കല്പന, സഹപൗരൻമാരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ സാവകാശം അതിന്റെ പരിധി വ്യാപിക്കാനിടയായി.

കള്ളന്മാരാൽ ആക്രമിക്കപ്പെട്ട്, മുറിവേറ്റ് വഴിയരികിൽ കിടക്കുന്ന ഒരു മനുഷ്യന്റെ കഥ ഈശോ പറയുന്നു. മുറിവേറ്റ മനുഷ്യനോട് സഹതാപം പ്രകടിപ്പിച്ച കരുതലുള്ള സമരിയാക്കാരന്റെ സ്നേഹം ഒരു അന്വേഷണമാണ്... കോവിഡ് മഹാമാരിയിലും കടലാക്രമണത്തിലും അതിജീവനത്തിന്റെ സാദ്ധ്യതകൾ നഷ്ടപ്പെട്ടവർ സമരിയാക്കാരനെപ്പോലെയുള്ളവരെ കണ്ടുമുട്ടുകയുണ്ടായി. നമ്മുടെ അതിരൂപതയിലെ ബി.സി.സി. സംവിധാനങ്ങളിലൂടെ ദൈവസ്നേഹത്തിന്റെ വാഹകരാകാനും സാഹോദര്യത്തിന് സാക്ഷ്യം വഹിക്കാനും ഒരു പരിധിവരെ ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ... ഈശോയുടെ അന്യാപദേശം സാമൂഹിക ബന്ധത്തിന്റെ ശില്പികളാകാനുള്ള നമ്മുടെ വിളിയെ വീണ്ടും കണ്ടുപിടിക്കാൻ ആഹ്വാനം ചെയ്യുകയാണ്. ഓരോ വ്യക്തിയും മറ്റുള്ളവരുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നും ജീവിതം കടന്നുപോകുന്ന ഒരു സമയം മാത്രമല്ലെന്നും പിന്നെയോ സമ്പർക്കങ്ങളിൽ ഏർപ്പെടാനുള്ള സമയമാണെന്നും തന്റെ പ്രവൃത്തികൾ വഴി നല്ല സമരിയാക്കാരൻ നമുക്കു കാണിച്ചുതരുന്നു.ഇത്രയധികം വേദനയുടെയും സഹനത്തിന്റെയും അവസ്ഥയിൽ, നല്ല സമരിയാക്കാരനെ അനുകരിക്കുക എന്നതാണ് നമ്മുടെ മുൻപിലുള്ള ഏകമാർഗ്ഗം.

അതിജീവനത്തിന്റെ പോരാട്ടം പുതിയ തുടക്കത്തിന് സാദ്ധ്യതകൾ ഒരുക്കുകയാണ്. നമ്മെ ഭരിക്കുന്നവരിൽ നിന്നും എല്ലാം പ്രതീക്ഷിക്കരുത്; കാരണം അതു ബാലിശമാണ്. പുത്തൻ പ്രക്രിയകളും മാറ്റങ്ങളും സൃഷ്ടിക്കാനും നിലനിർത്താനുമായി കൂട്ടുത്തരവാദിത്തത്തിന് എപ്പോഴും ഇടമുണ്ട്. നമ്മുടെ അസ്വസ്ഥമായ സമൂഹങ്ങളെ നവീകരിക്കുന്നതിനും പിന്തുണക്കുന്നതിലും നമുക്ക് സജീവമായി പങ്കെടുക്കാം. കൂടുതൽ വെറുപ്പും അസംതൃപ്തിയും ഉളവാക്കുന്നതിനേക്കാൾ, മറ്റുള്ളവരുടെ പ്രശ്നങ്ങളുടെ വേദന പേറുന്ന നല്ല സമരിയാക്കാർ ആയിത്തീർന്നുകൊണ്ട്, നമ്മിലുള്ള സാഹോദര്യഭാവം പ്രകടിപ്പിക്കുന്നതിന് നമുക്കിന്ന് വലിയ അവസരമുണ്ട്. ഉപമയിലെ, ആകസ്മികമായി കടന്നുവന്ന ആ വഴിയാത്രക്കാരനെപ്പോലെ മറ്റുള്ളവരെ ഉൾചേർക്കാനും കൂട്ടിയിണക്കാനും വീണവരെ പിടിച്ചുയർത്താനുമായി നിരന്തരവും അക്ഷീണവുമായ പ്രയത്നം നടത്തുന്നതിന്, ശുദ്ധവും ലളിതവുമായ ആഗ്രഹമുള്ള ഒരു ജനതയും സമൂഹവുമായിരിക്കുക എന്നതാണ് ആവശ്യമായിരിക്കുന്നത്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈശോയുടെ വാക്കുകൾക്കും കൂടുതൽ ആഴത്തിലുള്ള അർത്ഥമുണ്ട്. പുറന്തള്ളപ്പെട്ടവരും തിരസ്കൃതരുമായ സഹോദരീ സഹോദരന്മാരിൽ ക്രിസ്തുവിനെ തന്നെ തിരിച്ചറിയാൻ അവ നിർബന്ധിക്കുന്നു. നവ – സംവാദങ്ങളിലൂടെ ക്രിസ്തുവിഭാവനം ചെയ്ത മാനുഷിക കുടുംബം പടുത്തുയർത്താം...

**7. റിപ്പോർട്ട്**

**8. ഹാജർ**

**9. ചർച്ച**

1) മനുഷ്യരുടെ ഹൃദയത്തിൽ തുളച്ചു കയറിയ കോവിഡ് മഹാമാരിയുടെയും കടലാക്രമണത്തിന്റെയും ആഘാതം തുടച്ചുമാറ്റുവാൻ നല്ല സമരിയാക്കാരന്റെ രൂപമാകുവാൻ നമ്മുടെ ഇടവക ബി.സി.സി. സംവിധാനങ്ങൾക്കു സാധിക്കുന്നുവോ?
2) പകച്ചു നിൽക്കുന്ന നമ്മുടെ വിശ്വാസസമൂഹത്തെ ബലപ്പെടുത്തുവാൻ ഇടവക അജപാലന സമിതിക്കു (Parish Council) സാധിക്കുന്നുവോ?

**10. പൊതു അറിയിപ്പ്**

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപനഗാനം**

**13. നന്ദി**

*തയ്യാറാക്കിയത്:*

**ഫാ. സുരേഷ് പയസ്**

ബിസിസി എക്സി. സെക്രട്ടറി

തിരു. അതിരൂപത

## ഡോ. സുജൻ അമൃതം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിട്ട്യൂട്ട് പ്രസിഡന്റ്



തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗമായ റവ.ഡോ.സുജൻ അമൃതത്തെ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിട്ട്യൂട്ടിന്റെ പ്രസിഡന്റായി ഫ്രാൻസിസ് പാപ്പ നിയമിച്ചു. മൂന്നു വർഷത്തേക്കാണ് നിയമനം. കേരള കത്തോലിക്കാ മെത്രാൻ സമിതിയായ കെ.സി.ബി.സി യുടെ നിയന്ത്രണത്തിലുള്ള ആത്മീയ വിജ്ഞാന കേന്ദ്രമാണ് സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിട്ട്യൂട്ട്. തിരുവനന്തപുരം അതിരൂപതയിലെ പൂന്തുറ ഇടവകയിൽ അമൃതത്തിന്റെയും ലൂർദ്ദിന്റെയും മക്കളിൽ മൂന്നാമത്തെ ആളാണ് ഫാ. സുജൻ. 1994 ഡിസംബർ 27 നു അഭിവന്ദ്യ സൂസൈപാക്യം പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച ഫാ. സുജൻ റോമിലെ സാന്റാക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്നും 2008ൽ ഫിലോസഫിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. 2008 മുതൽ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിട്ട്യൂട്ടിൽ അധ്യാപകനായി സേവനം ചെയ്തുവരുന്നു.

ജെ.സി



# സാമ്പത്തിക സംവരണ നടപടികൾ നിറുത്തിവയ്ക്കണം

**ച**രിത്രപരമായി സാമൂഹിക വിവേചനത്തിന് ഇരയായ ജാതി സമൂഹങ്ങൾക്ക് (പിന്നാക്ക സമൂഹങ്ങൾക്ക്) വിദ്യാഭ്യാസത്തിലും ഭരണപങ്കാളിത്തത്തിലും തുല്യാവസരവും അർഹതപ്പെട്ട പ്രാതിനിധ്യവും നൽകുന്നതിനുള്ള ഭരണഘടനാപരമായ രാഷ്ട്രീയ ഉപകരണമാണ് സംവരണം. സാമ്പത്തിക മാനദണ്ഡമല്ല സംവരണത്തിന്റെ അടിസ്ഥാന തത്വം. പിന്നോക്ക സമുദായങ്ങളെ സാമൂഹിക-രാഷ്ട്രീയ പ്രക്രിയയിൽ മുഖ്യധാരയിലേക്ക് കൊണ്ടുവരാനായി ഭരണഘടന നൽകുന്ന അവകാശമാണ് സംവരണം. ദാരിദ്ര്യ നിർമ്മാർജന പദ്ധതിയായി സംവരണത്തെ കാണുന്നത് വികലമായ കാഴ്ചപ്പാടാണ്. സംവരണ പരിധി 50 ശതമാനം എന്നതിൽ മാറ്റമില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരിക്കെ കേരളത്തിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തിക പിന്നോക്കക്കാർക്ക് വേണ്ടി ഇഡബ്ല്യൂഎസ് കാറ്റഗറിയിൽ 10 ശതമാനം പ്രത്യേക സംവരണം അനുവദിച്ചുകൊണ്ട് സംവരണപരിധി 60 ശതമാനമായി ഉയർത്തിയിട്ടുള്ളത് നിയമപരമായി നിലനിൽക്കുമോ എന്ന ചോദ്യം ഉയരുന്നുണ്ട്. മഹാരാഷ്ട്രയിലെ പ്രബല ശൂദ്ര ഉപജാതിയായി മാറിയ മറാത്തകളെ പിന്നോക്കവിഭാഗമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ അവർക്കായി 16 ശതമാനം സംവരണം ഏർപ്പെടുത്തിയത് ജസ്റ്റിസ് അശോക്ഭൂഷൺ അധ്യക്ഷനായ അഞ്ചംഗ ബെഞ്ച് ഭരണഘടനാവിരുദ്ധമാണെന്ന് കണ്ടെത്തി റദ്ദാക്കുകയുണ്ടായി. സംവരണത്തിന്റെ പരമാവധി തോത് 50 ശതമാനം ആയിരിക്കണമെന്ന് 1992 നവംബറിലെ ഒൻപതംഗ ഭരണഘടനാ ബെഞ്ചിന്റെ വിധി പുഃനപരിശോധിക്കണമെന്നും വിശാല ബെഞ്ചിന് വിടണമെന്നുമുള്ള കേന്ദ്ര സർക്കാരിന്റെയും കേരളത്തിലെ ഇടതുമുന്നണി സർക്കാരിന്റെയും ആവശ്യം കൂടി മറാത്ത സംവരണത്തോടൊപ്പം രാജ്യത്തെ പരമോന്നത കോടതി തള്ളി.

കേരളത്തിൽ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന പത്ത് ശതമാനം സാമ്പത്തിക സംവരണത്തിന്റെ രാഷ്ട്രീയ നേട്ടം, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉണ്ടായെന്നും മുന്നോക്ക ക്രൈസ്തവരുടെയും ഇതര മുന്നോക്ക സമുദായത്തിന്റെയും വോട്ട് അധികാരത്തിൽ വരാനുള്ള ഒരു പ്രധാനഘടകമായി മാറിയെന്നുമാണ് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതിയിൽ പരമാവധി നിർദ്ദേശിച്ച പത്തുശതമാനം സാമ്പത്തിക സംവരണം മുഴുവനായും ഒരു പഠനവും കൂടാതെ ഏകപക്ഷീയമായി കല്പിച്ചനുവദിച്ചതിന്റെ രാഷ്ട്രീയ സമീപനം കേരളം സുപ്രീംകോടതിയെ ബോധിപ്പിക്കേണ്ടിവരും. പിന്നോക്ക വിഭാഗങ്ങളെ ഒരുതരത്തിലും ബാധിക്കില്ലെന്നും പൊതുവിഭാഗത്തിൽ നിന്നും 10 ശതമാനം കണക്കാക്കിയാണ് ഇഡബ്ല്യൂഎസ് ക്വാട്ട അനുവദിക്കുന്നതെന്നുമാണ് സർക്കാർ നിലപാട്. കേരളത്തിലെ മൂന്നു മുന്നണികളും ഇതിനോട് യോജിക്കുകയും ചെയ്തു. പാർലമെന്റിൽ ഇതിനെ എതിർക്കാൻ ഇവിടെനിന്ന് പോയ രണ്ട് മുസ്ലീം എം.പിമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നാക്ക സമുദായങ്ങളുടെ വോട്ട് നേടി ജയിച്ച എം.പിമാർ പോലും സാമ്പത്തിക സംവരണത്തെ അനുകൂലിക്കുകയായിരുന്നു.

മൊത്തം സീറ്റിന്റെ 10 ശതമാനം വിഹിതമാണ് മുന്നോക്ക വിഭാഗങ്ങൾക്ക് അലോട്ട്ചെയ്തത്. എന്നാൽ പ്ലസ്ടു മുതൽ മെഡിക്കൽ പി.ജി. അഡ്മിഷൻ വരെ മൊത്തം സീറ്റുകളുടെ 10 ശതമാനത്തിന് പകരം സംവരണവിഭാഗത്തിലെ സീറ്റുകൾ കൂടി ഉൾപ്പെടുത്തി നിശ്ചിത കോട്ടയുടെ 20 ശതമാനം സീറ്റുകൾവരെ മുന്നോക്ക വിഭാഗത്തിന് ലഭിക്കുന്ന കടുത്ത സാമൂഹ്യ അനീതിയാണ് പ്രയോഗത്തിൽ കണ്ടത്. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ഇഡബ്ല്യൂഎസ് ഭരണഘടനാ ഭേദഗതി കേസിൽ തീർപ്പാകുന്നതുവരെ കേരളത്തിൽ സാമ്പത്തിക സംവരണ നടപടികൾ നിർത്തിവയ്ക്കണമെന്ന് പിന്നോക്ക സമുദായങ്ങൾ മുന്നണി വ്യത്യാസം കൂടാതെ സർക്കാരിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

Pub. Date : 01.06.2021

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00


# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

Little Flower College of Nursing




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- **Departments :** General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- **Supportive Services :** 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- **Jubilee's Pride:** Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto